WATCHMAN

# ജാമക്കാരൻ

കാവൽക്കാരൻ


VOLUME - 1 ISSUE - 1

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com





കർത്താവിൻ പ്രിയരെ,

യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ സ്നേഹ വന്ദനം. കഴിഞ്ഞ 6 മാസങ്ങളായി പല സ്ഥലങ്ങളിൽ നടന്ന ശുശ്രൂഷകൾ വളരെ അനുഗ്രഹമായിരുന്നു.

ചില മാസങ്ങളായി **അന്യഭാഷയെക്കുറിച്ച്** ഒരു ലേഖനപരമ്പര വന്നുകൊണ്ടിരിക്കുന്നത് അറിഞ്ഞിരിക്കുമല്ലോ. അതിനാൽ മറ്റ് പംക്തികളോ, ചോദ്യോത്തരങ്ങളോ ചേർക്കാനായില്ല. അന്യഭാഷ എന്ന വിവരം എല്ലാ വായനക്കാരും പ്രത്യേകിച്ച് പെന്തക്കോസ്ത് സമൂഹത്തിലെ വായനക്കാരും അറിഞ്ഞ് സത്യത്തിലേക്ക് മടങ്ങിവരണം എന്ന ദൈവത്തിന്റെ വാഞ്ചയും എന്റെ ഹൃദയാഭിലാ ഷവുമാണ് ഈ പരമ്പരയ്ക്ക് പിന്നുലുള്ള ചേതോവികാരം.

ജാമക്കാരനിൽ വന്നുകൊണ്ടിരിക്കുന്ന ഈ ലേഖനങ്ങൾ പെന്തകോസ്ത് പാസ്റ്റർമാർക്കിടയിൽ വലിയ ചർച്ചകൾക്കു തുടക്കമിട്ടിരിക്കുന്നു. തങ്ങൾ സംസാരിക്കുന്നത് **അന്യഭാഷയേ അല്ല** എന്നറിഞ്ഞ് ധാരാളം പേർ കുറ്റ ഉണർവ്വിനാൽ, ബാധിക്കപ്പെട്ടിരിക്കുന്നു. വിക്കാനും കഴിയുന്നില്ല വിഴുങ്ങാനും കഴിയുന്നില്ല എന്ന മട്ടിൽ പല പാസ്റ്റർമാരും ഇക്കാര്യം **സഭാ ജനങ്ങളോട്** പറഞ്ഞാൽ സഭ ഉടയും. സത്യം മറച്ചാൽ ദൈവകോപത്തിനിരയായിത്തീരും എന്നീ കുഴപ്പങ്ങളിൽ കുഴങ്ങിക്കൊണ്ടിരിക്കുന്നു. ദൈവാത്മാവ് **പെന്തക്കോസ്ത് പാസ്റ്റർമാരെ** ഈ സങ്കടകരമായ സാഹചര്യത്തിൽ നിന്ന് വിടുവിക്കാൻ, സത്യത്തിന്

JULY 2016

സാക്ഷികളാകാൻ, കുറ്റമന:സാക്ഷി ഇല്ലാത്തവരാകാൻ സഹായിക്കട്ടെ. അവർക്കായി പ്രാർത്ഥിക്കുന്നു.

അന്യഭാഷയെക്കുറിച്ചുള്ള പല പുസ്തകങ്ങൾ നിങ്ങളുടെ വീട്ടിൽ കാണും, **പക്ഷേ ഭാഷകൾ പിറന്ന്,** ജനങ്ങൾ **ചിതറിക്കപ്പെട്ട കാലം,** പഴയ **നിയമകാലം,** പുതിയ നിയമകാലം അതിൽ **പരിശുദ്ധത്മാവിന്റെ അവരോഹണം** എന്നിങ്ങനെ കാര്യങ്ങളെ അടുക്കും ചിട്ടയുമായി അവതരിപ്പിക്കാൻ കർത്താവ് സഹായിച്ചു. ഇങ്ങനെയൊരു വേദപാഠം പലർക്കും പുതുമയായിരുന്നു. **അന്യഭാഷയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ** വായിച്ചപ്പോൾത്തന്നെ അനേകരും കാര്യങ്ങൾ മനസ്സിലാക്കി എന്നറിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു.

അതേസമയം, അനേക പെന്തകോസ്തു പാസ്റ്റർമാർ എന്നോടു കടുത്ത നീരസത്തിലുമാണ്. അന്യഭാഷ സംസാരിച്ച് സ്റ്റേജുകൾ ലഭിക്കുന്ന പ്രസംഗകരും തങ്ങളുടെ **അന്യഭാഷാ വ്യാപാരം** നിലച്ചുപോകുമോ എന്ന് ഭയപ്പെട്ട് എന്നെക്കുറിച്ച് ജാഗ്രതാ നിർദ്ദേശങ്ങൾ പരസ്യമായി പറയാൻ ആരംഭിച്ചിരിക്കുന്നു.

ഡോ.പുഷ്പരാജ് **പരിശുദ്ധാത്മാവിന്റെ ശത്രു** എന്നും, **കപട ഉപദേഷ്ടാവ്** എന്നും. **കുറ്റം പറയുന്ന ആത്മാവിനാൽ നിറഞ്ഞ വ്യക്തി** എന്നും പറഞ്ഞ് ജാമക്കാരൻ ആരും വായിക്കരുത്. സാമ്പത്തിക സഹായങ്ങൾ ചെയ്യരുത് എന്നും മറിച്ച്, ആരെങ്കിലും സഹായിച്ചാൽ പരിശുദ്ധത്മാവിനെതിരായി പ്രവർത്തിക്കു ന്നവരാകുമെന്നും പ്രസംഗിക്കുന്നു.

ഇങ്ങനെ ഈ ശുശ്രൂഷകർ പ്രസംഗിക്കുന്നത് ഒരു നല്ല ലക്ഷണമാണ്. കാരണം, ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ **ക്രിയ ചെയ്യാൻ ആരംഭിച്ചു** എന്നതിനെ കാണിക്കുന്നു. കൂടാതെ പെന്തക്കോസ്തു പാസ്റ്റർമാർ എനിക്കയച്ച കത്തുകൾക്ക് ഞാൻ വചന തെളിവോടെ ചോദ്യങ്ങൾ ചോദിക്കുമ്പോൾ **മറുപടി പറയാനാകാതെ** കുഴങ്ങുകയാണ്. എങ്ങനെയായാലും ഈ കുഴപ്പം ഒരു തെളിവും, വെളിവും ഉണ്ടാക്കും തീർച്ച.

❖ അന്യഭാഷയെക്കുറിച്ചുള്ള ഈ ലേഖനങ്ങൾ സൂക്ഷിച്ച് ബയന്റ് ചെയ്ത് വയ്ക്കുക. ഏതെങ്കിലും ലക്കം ലഭിച്ചില്ലെങ്കിൽ എഴുതുക അയച്ചുതരാം..

❖ ജൂൺ ജൂലൈ മാസങ്ങളിൽ മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്കായി വളരെ ചെലവുകളുള്ള മാസമാണ്. അതിനകത്ത് ഞങ്ങൾ പ്രാർത്ഥിച്ചു കൃപയാൽ നിങ്ങളുടെ ആവശ്യങ്ങൾ നടത്തിത്തരുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ജൂൺ, ജൂലൈ മാസ ജാമക്കാരനും സാമ്പത്തിക ഞെരുക്കം നിറഞ്ഞ ഈ മാസങ്ങളിലും യാതൊരു തടസ്സങ്ങളുമില്ലാതെ കടം ഇല്ലാതെ തക്കസമയത്ത് പ്രസിദ്ധീകരിക്കാൻ കർത്താവ് കൃപ ചെയ്തു, ഈ നാളുകളിൽ സാമ്പത്തിക കൂട്ടായ്മ കാണിച്ച എല്ലാവർക്കും നന്ദി പറയുന്നു. ജൂലൈ മാസത്തെ ജാമക്കാരൻ ആഗസ്റ്റ് മാസം തുടക്കനാളുകളിൽ നിങ്ങൾക്കു ലഭിക്കും സദയം ക്ഷമിക്കുക.

*I believe that. when I am the end of mv strenath. vou will come mv Lord Jesus and reveal vour miaht.* **ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ!**

കർത്തൃ ശുശ്രൂഷയിൽ

**ഡോക്ടർ. പുഷ്പരാജ്.**

PDF വഴിയായി മാസിക വായിക്കാൻ ആഗ്രഹിക്കുന്നവർ നിങ്ങളുടെ E-mail ID ഉടനെ അയച്ചുതന്നാലും.

## അഡ്രസ് ലിസ്റ്റ് നവീകരിക്കൽ

(Jamakaran) കാവൽക്കാരൻ മാസിക വായനക്കാരുടെ വിലാസങ്ങൾ ലിസ്റ്റ് ചെയ്ത് വരുന്നു. മാസിക വേണം എന്നാവശ്യപ്പെട്ടവരുടെ കത്ത് വച്ചാണ് ലിസ്റ്റ് തയ്യാറാക്കുന്നത്.

പഴയ വായനക്കാരെ ഞങ്ങൾ മറന്നിട്ടില്ല. രണ്ട് തവണ കാവൽക്കാരൻ മാസികയിൽ അറിയിപ്പ് നൽകിയിട്ടും പ്രത്യേകം കത്തുകൾ അയച്ചിട്ടും പലരും ശ്രദ്ധിക്കാതെ വളരെ വൈകി പലർ ഇപ്പോൾ മാസിക വേണം എന്നാവശ്യപ്പെട്ട് കത്തുകൾ അയയ്ക്കുന്നു. അവരെ പുതിയ ലിസ്റ്റിൽ ചേർത്ത് മാസിക അയച്ച് വരുന്നു.

ആർക്കെങ്കിലും മാസിക വേണമെങ്കിൽ ഉടൻ ഞങ്ങൾക്കെഴുതുക.

ഞങ്ങളുടെ മാസികാ കുടുംബത്തിൽ നിങ്ങളെ ചേർക്കുന്നതിൽ ഞങ്ങൾക്ക് ഏറെ സന്തോഷം. ഞങ്ങളുടെ പ്രാർത്ഥനകൾ നിങ്ങൾക്കുണ്ടാവും.

ഞങ്ങളാവശ്യപ്പെട്ടതനുസരിച്ച് അഡ്രസ്സ് അയച്ചു തന്ന് സഹകരിച്ച ഏവർക്കും നന്ദി.

# അന്യഭാഷാ ഭാഷണം

## അദ്ധ്യായം-4

**ഒരു വ്യക്തിയിൽ  പരിശുദ്ധാത്മാവ് കടന്നു വരുന്നത് എപ്പോൾ?**

കഴിഞ്ഞ 4 മാസങ്ങളായി അന്യഭാഷയെക്കുറിച്ചുള്ള വിശദീകരണങ്ങൾ പെന്തകോസ്തു സഭാ പാസ്റ്റർമാർ എനിക്കെഴുതിയ കത്തുകൾക്കു വചനാനു തൃതമായ മറുപടി എന്നിവയ്ക്ക് പെന്തക്കോസ്തു സഭകളിൽ നിന്ന് പുകഴ്ത്തിയും **ഇകഴ്ത്തിയും ധാരാളം** കത്തുകൾ എനിക്കു വന്നുകൊണ്ടേയിരിക്കുന്നു

**അസത്യം**

കഴിഞ്ഞ ജൂൺ  ലക്കം ജാമക്കാരനിൽ AG സഭയുടെ മുൻ അഖിലേന്ത്യാ അദ്ധ്യക്ഷനും മധുര സഭയുടെ ചീഫ് പാസ്റ്ററുമായ **രാജമണി** അവർകൾ എനിക്കെഴുതിയ കത്തിന് മറുപടി  എഴുതുമ്പോൾ പാസ്റ്റർ അവർകൾ അസത്യം എഴുതി എന്ന് എഴുതിയിരുന്നു. സത്യം പറയട്ടെ, ഇത്രയ്ക്ക് അനുഭവും ബൈബിൾ സെമിനാരി പ്രൊഫസറുമായ അദ്ദേഹത്തെ അസത്യവാദിയാക്കുന്നതിനെക്കുറിച്ച് മറുപടി എഴുതുമ്പോൾ ഏറെ ചിന്തിച്ചു. ഇങ്ങനെ എഴുതുന്നതോർത്ത് മനസ്സിന് വേദനയും ഉണ്ടായി.

❖ ഇതു പോലെയൊരു അനുഭവം 1974-ാം വർഷം **Bro. DGS ദിനകരൻ** കാരുണ്യ കോളേജിനു ആസ്തി സൃഷ്ടിക്കുവാൻ വേണ്ടി- "യുവപങ്കാളിത്ത പദ്ധതി" **(ഇളം പങ്കാളർ തിട്ടം)** എന്നൊരു പദ്ധതി കർത്താവ് തന്നെ സ്വർഗ്ഗം കൊണ്ടുപോയി കാണിച്ചു എന്ന തന്റെ അറിയിപ്പ് താൻ പറഞ്ഞ **കള്ളങ്ങളുടെ മേലാപ്പ് ആണ്.**

ഓരോ വീട്ടിലും ജനിക്കുന്ന കുഞ്ഞുങ്ങളുടെ പേരിൽ 2000 രൂപ വച്ച് അയച്ചാൽ ആ കുഞ്ഞുങ്ങൾക്കായി "പ്രത്യേക പ്രാർത്ഥന ചെയ്യണം എന്ന് കർത്താവ് തന്നോടു പറഞ്ഞു'' എന്ന് പറഞ്ഞ പച്ചക്കള്ളമുണ്ടല്ലോ, അതുകേട്ട് ലോകമെങ്ങുമുള്ള വിശ്വാസികൾ ഇങ്ങനെ കേട്ടു. ''2000 **രൂപ കൊടുക്കാൻ നിവർത്തിയില്ലാത്ത കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കില്ലേ"** അതിന് അദ്ദേഹത്തിന്റെ മറുപടി: **" തവണ**

**വ്യവസ്ഥയിൽ** മാസം 100 അല്ലെങ്കിൽ 200 രൂപ കൊടുക്കുമ്പോൾ 2000 രൂപ തികഞ്ഞതും പ്രാർത്ഥന ആരംഭിക്കും" എന്നായിരുന്നു. ഈ മറുപടി കേട്ടവർ പ്രത്യേകിച്ച് ഒരു ആത്മീയ പിതാവായി കണ്ട വിശ്വാസികളുടെ മനസ്സ് ഏറെ തകർന്നു.

ആ അവസരത്തിലാണ് **അദ്ദേഹത്തിന്റെ തെറ്റുകളെ** തുറന്നെഴുതാൻ ആരംഭിച്ചത്. എന്റെ ഏറ്റവും അടുത്ത സുഹൃത്തെന്നും നോക്കാതെ, "സഹോ.ദിനകരൻ പറഞ്ഞത് 100% **പച്ചക്കള്ളമാണ്,** പരിശുദ്ധാത്മാവ് ഒരു നാളും പ്രാർത്ഥനയെ വില്പച്ചരക്കാക്കാൻപറയില്ല. സഹോ.ദിനകരനെ വിശ്വാസിക്കരുത്" എന്നിങ്ങനെ ജാമക്കാരനിൽ എഴുതി.

സഹോ.ദിനകരന്റെ ശുശ്രൂഷയ്ക്ക് **''യേശു വിളിക്കുന്നു''** എന്ന് പേര് വച്ചതുപോലും **ഞങ്ങൾ രണ്ടുപേരും** ചേർന്നായിരുന്നു. ആ സംഭവം ഇപ്രകാരമാണ്. ഈറോഡ് ഇടക സഭാ കൺവെൻഷനിൽ ഞങ്ങൾ രണ്ടു പേരും പ്രസംഗകരായിരുന്നു. പ്രസംഗത്തിനു മുമ്പായി ഞങ്ങൾ രണ്ടുപേരും കരംകോർത്ത് പ്രാർത്ഥിച്ച്, **"യേശു വിളിക്കുന്നു"** എന്ന പേര് ശുശ്രൂഷകന് നല്കി പിതാപുത്ര പരിശുദ്ധാത്മാ നാമത്തിൽ പ്രതിഷ്ഠാ കർമ്മം നിർവ്വഹിച്ചു. അത്രയേറേ അടുപ്പമുണ്ടായിരുന്നിട്ടു പോലും മറ്റ് ഗത്യന്തരമില്ലാതെ ജനങ്ങളുടെ ബോധവൽക്കരണത്തിനായി "അദ്ദേഹം പറഞ്ഞത് **കള്ളം.** അദ്ദേഹം സ്വർഗത്തിൽ പോയി എന്ന് പറഞ്ഞത് **കള്ളം** എന്നെഴുതി (യോഹ3:13)".

എനിക്കും അദ്ദേഹത്തിനും വ്യക്തിപരമായി പകയോ, വിദ്വേഷമോ, വെറുപ്പോ ഇല്ലാതിരുന്നിട്ടും ജനങ്ങൾ സത്യം അറിയണം എന്നതിനാൽ **"സഹോ, DGS കള്ളം പറഞ്ഞു"**എന്നെഴിതേണ്ടി വന്നു. പ്രാർത്ഥയെ വില്പനച്ചരക്കാക്കി വ്യാപാരിയായി മാറിയ അന്നുമുതൽ സഹോ.DGS ൽ നിന്ന് **പരിശുദ്ധാത്മാനിയന്ത്രണം നീങ്ങിപ്പോയി.**

# പാസ്റ്റർ രാജമണി അവർകൾ

അതുപോലെ AG സഭാ പാസ്റ്റർ. രാജമണി അവർകൾ " അ.പ്ര. 2–ാം അദ്ധ്യായത്തിൽ ശിഷ്യന്മാർ പല ഭാഷകളിൽ സംസാരിച്ചപ്പോൾ **അവിടെ ഇരുന്ന ആർക്കും മനസ്സിലായില്ല"** എന്നെഴുതാൻ വേദ പണ്ഡിതനായ പാസ്റ്റർക്ക് എങ്ങനെ ധൈര്യം വന്നു?

അഏ സഭയുടെ എല്ലാ പാസ്റ്റർമാരോടും ചോദിച്ചു പാസ്റ്റർ രാജമണി അവർകൾ എഴുതിയത് ശരിയോ തെറ്റോ? ഇതുവരെ ഒരു പാസ്റ്റർമാരും മറുപടി പറഞ്ഞിട്ടില്ല. മറുപടി

പറയാനാവില്ല. എല്ലാ പാസ്റ്റർമാരും **ലജ്ജിച്ച്, തലതാഴ്ത്തി, മൗനികളായിത്തീർന്നു.** ജാമക്കാരനിൽ ആ ലേഖനം വന്നു നാളിത്രയും ആയി. തെക്കേ ഇന്ത്യയിലെ ഒരു പാസ്റ്ററും ഒരു വാക്കും എഴുതിയിട്ടില്ല. ഇനിയൊട്ട് എഴുതാനുമാവില്ല.

അന്യഭാഷ സംസാരിക്കുമ്പോൾ അതിന് ശേകുറിഷം ആരും കേൾക്കരുത് എന്നതിന് വേണ്ടിയാണ് ഇത്രയും അസത്യം എഴുതിയത്. പാസ്റ്റർ രാജമണി അവർകൾ **''അസത്യം എഴുതി''** എന്ന് എഴുതുമ്പോൾ മനസ്സിൽ വേദനയുണ്ടായെങ്കിലും എന്റെയുള്ളിലെ പരിശുദ്ധാത്മാവ് എന്നിൽ വ്യക്തമായി എന്നെ ഉണർത്തിയതുകൊണ്ട് കുറ്റമറ്റ മനസാക്ഷിയോട് അദ്ദേഹം എഴുതിയതിനെ ഖണ്ഡിച്ച് എഴുതി.

❖ ഒരിക്കൽക്കൂടി പറയട്ടെ: പാസ്റ്റർ രാജമണി അവർകൾ അങ്ങനെ എഴുതിയത് ശരിയെന്ന് വചന തെളിവോ ആരെങ്കിലും എഴുതിയാൽ അത് അങ്ങനെതന്നെ ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

വേദ പുസ്തകത്തിൽ ഇല്ലാത്ത വേദ പുസ്തകം പഠിപ്പിക്കാത്ത അന്യഭാഷയക്ക് ഇത്ര ബന്ധപ്പെട്ട് അവൻ വക്കലാത്ത് വാങ്ങുന്നതെന്തിനെന്ന് മനസ്സിലാക്കുന്നില്ല.!

അടിസ്ഥാന പരമായി അറിയേണ്ടുന്ന പല വിഷയങ്ങളും പെന്തകോസ്തു പാസ്റ്റർമാർക്കും റ്റി.വി. പ്രസംഗകരും അറിയുന്നില്ല.

നമ്മുടെ കൈകളിൽ ഈ കാണുന്ന **വേദ പുസ്തകം** നല്കിയ അപ്പാസ്തലന്മാർ എല്ലാ കാലത്തും അന്യഭാഷയിൽ സംസാരിച്ചുവോ? ബൈബിൾ കാനോനീകരണം പൂർത്തിയാക്കിയ സഭാ പിതാക്കന്മാർ അന്യഭാഷ സംസാ രിച്ചുവോ? 4–ാം നൂറ്റാണ്ടു മുതൽ 19–ാം നൂറ്റാണ്ടിന്റെ അവസാനം വരെ ആരെയെങ്കിലും അന്യഭാഷ **സംസാരിച്ചിട്ടുണ്ടോ?**

**മൂലഭാഷകളിൽ** നിന്ന് ബൈബിൾ വിവർത്തനം ചെയ്ത **ഒരൊറ്റ വ്യക്തിയെങ്കിലും** അന്യഭാഷ സംസാരിച്ചിട്ടുണ്ടോ?

ബൈബിൾ അധിഷ്ഠിത ഉണർവ്വിന് കാരണക്കാരായ ഏതെങ്കിലുമൊരു ദൈവദാസൻ അന്യഭാഷ സംസാരിച്ചിട്ടുണ്ടോ?

**മിഷൻ സ്ഥാപനങ്ങളുടെ** സ്ഥാപകർ അന്യഭാഷ സംസാരിച്ചിട്ടുണ്ടോ? ചരിത്രത്തിൽ ഇടം നേടിയ മിഷനറി വീരന്മാർ അന്യഭാഷ സംസാരിച്ചിട്ടുണ്ടോ?

ഇന്ത്യൻ മണ്ണിൽ സത്യ സുവിശേഷവുമായി കടന്നു വന്ന ആരെങ്കിലും അന്യഭാഷ സംസാരിച്ചിട്ടുണ്ടോ?

ഇന്ത്യൻ ഭാഷകളിലെ ബൈബിൾ വിവർത്തർ അന്യഭാഷ സംസാരിച്ചിട്ടുണ്ടോ? ബൈബിൾ വിവർത്തകർ എത്ര കഷ്ടങ്ങളും യാതനകളും, നഷ്ടങ്ങളും സഹിച്ച് വിരലിൽ നിന്ന് രക്തം വരത്തക്കവിധം മണലിൽ അക്ഷരങ്ങൾ അഭ്യസിച്ചല്ലേ വിവർത്തനങ്ങൾ ചമച്ചത്!

ഇന്ന് **പെന്തക്കോസ്ത് പാസ്റ്റർമാർ കൈയ്യിൽ വച്ചിരിക്കുന്ന** ആംഗല, മലയാള വേദപുസ്തകങ്ങൾ **ഉരുവാക്കിയവർ** ആരും തന്നെ അന്യഭാഷ സംസാരിച്ചവരല്ലല്ലോ, എന്തേ ഇക്കാര്യം സൗകര്യപൂർവ്വം പെന്തക്കോസ്തു പാസ്റ്റർമാർ മറച്ചു വയ്ക്കുന്നത്?

ലോക ജനങ്ങൾക്കുള്ള മന:സാക്ഷിയുടെ ഒരംശം പോലും ഇല്ലാത്ത പെന്തക്കോസ്താ പാസർമാർ. ഇലാത്ത ഒന്നിനെ ഉള്ളതുപോലെ അക്കാൻ ഗീഭത്സൻ തന്ത്രം പെയോഗിച് വിശ്വാസികളെ എത്രകാലം വഞ്ചിക്കും! ദൈവം കണക്കു ചോദിക്കുന്ന നാളുണ്ട്. മറക്കരുത്!!

നാമധേയ സഭകൾ എന്ന് പെന്തക്കോസ്തുകാർ വിളിക്കുന്ന Mainline churches ൽ നിന്നും, വേർപെട്ട ദൈവജനങ്ങളുടെ മദ്ധ്യേനിന്നും എത്ര മിഷനറിമാർ ക്രിസ്തുവിനെ അറിയിക്കാൻ കടന്നു ചെല്ലുന്നു? **പെന്തക്കോസ്തു സഭകൾ അതിന്റെ 1/10 മിഷനറി മാരെ സൃഷ്ടിക്കാത്തത്?**

ആ മിഷനറിമാർ എത്തിയ ദിക്കെങ്ങും അസകാര ശക്തികൾ അലറിയടിച്ച് ഓടുകയും അത്ഭുത പ്രകാശം കടന്നുവരികയും, ആത്മരക്ഷയുടെ അതുല്യ ആവേശാനുഭൂതി അനുഭവച്ചറിയുകയും ചെയ്യുന്നു!! ജീവിക്കുന്ന ക്രിസ്തുവിന്റെ സാക്ഷ്യമായ സുവിശേഷത്തിന്റെ മംഗളമണിനാദം അവിടെങ്ങും അലയടിക്കുന്നു!!! ജീവിക്കുന്ന സാക്ഷ്യങ്ങൾ ധാരാളം

പെന്തക്കോസ്ത് സഭക്കാർ **അവിയെവിടെയെങ്കിലും** ജീവിതത്തിൽ ഒരിക്കലെങ്കിലും **പോയിട്ടുണ്ടോ? എത്തി നോക്കിയിട്ടുണ്ടോ?** തെക്കേഇന്ത്യയിൽ തെരുവിന് 5 സഭകൾ വച്ച് സഭയുടെ എണ്ണം പെരുക്കുകല്ലേ!

ഒന്നു നോക്കിയാൽ **പെന്തക്കോസ്ത് സഭകൾ മിഷൻ പ്രവർത്തനങ്ങൾക്ക് പോകാത്താതാണ് നല്ലത്,** അവൻ പുതിയ വിശ്വാസികൾക്കിടയിൽ **അപശബ്ദങ്ങൾ പുറപ്പെടുവിച്ചാൽ** അത്ര വ്യക്തികളും വിശ്വാസം വിട്ട് വ്യതിചലിച്ച് ഓടിപ്പോകു മായിരുന്നു. ഞങ്ങൾ സംസാരിച്ച വാക്കുകളും, ആംഗ്യങ്ങളും, ചേഷ്ഠകളും ഗോഷ്ഠികളും തന്നെ ഇവരും കാണിക്കുകയല്ല! ഇരുവരും നാമും ഒന്നു തന്നെ! നാം

ഇതുവരെ പിടിച്ചിരുന്ന ശക്തികളിൽ നിന്ന് ഇവരെ രക്ഷിക്കാൻ ആരുമില്ലല്ലോ എന്നോർത്ത് ദു:ഖിക്കുമായിരുന്നു!

## അന്യഭാഷയിൽ സംസാരിക്കാത്തവർ

പാസ്റ്റർ.രാജമണി എഴുതിയ കത്തിനുള്ള വിശദീകരണത്തിന്റെ ആദ്യഭാഗം കഴിഞ്ഞ ലക്കത്തിൽ വായിച്ചിരിക്കുമല്ലോ. അതിന്റെ തുടർച്ച ഈ ലക്കത്തിൽ (2016 ജൂലൈ) കാണാം.

ഏതൊരു കാര്യവും രണ്ട്, മൂന്ന് സാക്ഷികളാൽ ഉറപ്പിക്കണം എന്ന് പാസ്റ്റർ. രാജമണി പറയുന്നു. പരിശുദ്ധാത്മ നിറവ് വരുമ്പോഴൊക്കെ **അന്യഭാഷ സംസാരിക്കുമെന്ന് സ്ഥാപിക്കുവാൻ** മൂന്ന് വേദഭാഗങ്ങളെടുത്തിരുന്നു. അതിൽ ആദ്യഭാഗം വചനാനുസരണമല്ലെന്ന് കഴിഞ്ഞ ലക്കം തെളിയിച്ചു. ഇവിടെ രണ്ടാമത്തെ വചനവും അതിനുള്ള വിശദീകരണവും കാണാം.

" അവർ അവരുടെ മേൽ കൈവച്ചപ്പോൾ അവർക്കു പരിശുദ്ധാത്മാവ് ലഭിച്ചു" –അ.പ്ര. 8: 17 ഈ സംഭവത്തിൽ ആരും അന്യഭാഷയിൽ സംസാരിച്ചില്ലല്ലോ!

❖ (കൊരി14: 18 ൽ പൗലോസ് താൻ മറ്റാരെക്കാലും **അധികം അന്യഭാഷകളിൽ** സംസാരിച്ചതിനെ പാസ്ററർ രാജമണി മേലുദ്ധരിച്ച വചന ഭാഗത്തിന് ഉപോദ്ബലമായി ചൂണ്ടിക്കാണിക്കുന്നു.

ഭൂരിപക്ഷം അപ്പോസ്തലന്മാരും യഹൂദന്മാരുടെ മധ്യത്തിലാണ് സുവിശേഷ വേല നിർവ്വഹിച്ചത്. അക്കാലത്ത് പൗലോസാകട്ടെ ദേശാന്തരങ്ങൾ ചുറ്റിത്തിരിഞ്ഞ് പരിശുദ്ധാത്മാവ് നല്കിയ വരംവുപയോഗിച്ച് അവരവരുടെ ഭാഷകളിൽ സുവിശേഷം അറിയിച്ചു, അതുകൊണ്ടാണ് കൃപയാൽ ഞാനധികം ഭാഷകൾ സംസാരിക്കുന്നു എന്ന് പാലോസ് പ്രഖ്യാപിച്ചത്.

അപ്പോസ്തല പ്രവരൃത്തികളിൽ പിതൃ പുത്ര പരിശുദ്ധാത്മാവ് എന്ന നാമം എവിടെയും പറയാത്തതു പോലെ മുകളിൽ ചൂണ്ടിക്കാണിച്ച എല്ലാ സ്ഥലത്തും അന്യഭാഷയിൽ സംസാരിച്ചു. എന്നെഴുതാത്തതു കൊണ്ട് അവിടെയെങ്ങും അന്യഭാഷയില്ല എന്ന് കരുതരുത് എന്ന് പാസ്റ്റർ പറയുന്നു.

ഇല്ലാത്ത കാര്യങ്ങൾ എന്തിന് ഇങ്ങനെയിരിക്കും അങ്ങനെയിരിക്കും എന്ന് ഊഹിക്കണം? **വ്യക്തമായി എഴുതിയിട്ടുള്ള കാര്യങ്ങളിൽ നിന്നല്ലേ ഉപദേശം സ്ഥാപിക്കേണ്ടത്.**

❖ എഴുതിയിരിക്കുന്നതിന് അപ്പുറം ഭാവിക്കാതിരിപ്പാൻ ഞങ്ങളുടെ ദൃഷ്ടാന്തം കണ്ട് പഠിക്കുക. 1കൊരി 4:6 മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവക്കുള്ളവയത്രേ, വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിന് എന്നേക്കും നമുക്കും നമ്മുടെമക്ക ൾക്കും ഉള്ളവയാക്കുന്നു. ആവ– 29ൃ: 28.

അപ്ര8:14 ൽ ശമര്യക്കാർ വചനം ഏകമാനസ്സോടെ ശ്രവിച്ച മാനസാരപ്പെട്ടു (വാക്യം 6) എന്ന് അപ്പാസ്തലന്മാർ കേട്ടു.

അവർ സഭയിൽ ചേർക്കപ്പെടേണ്ടുന്നതിനന് അപ്ര 1:8 അനുസരിച്ച് സഭയിലെ അംഗങ്ങളും, അവയവങ്ങളുമായി മാറി ദൈവം അവരെ അംഗീകരിച്ചു എന്നു സഭയുടെ ഉദ്ഘാടനം യഹൂദകർക്ക് ലഭിച്ചതു ശമര്യകാർക്കും തുറന്നുകൊടു ക്കാനുള്ള അധികാരം പത്രോസിനെ ഏല്പിച്ചതിനെ തെളിയിക്കേണ്ടതിനുമായി യഹൂദർക്ക് പരിശുദ്ധാത്മാവ് ലഭിച്ചതു പോലെ ശമര്യകൾക്കും ലഭിച്ചത്.

## അന്യഭാഷ സംസാരിച്ചില്ല.

ഇവിടെ ശ്രദ്ധിക്കേണ്ട വിഷയം ആ സമയം ശമര്യർ അന്യഭാഷ സംസാരിച്ചില്ല എന്നത്ര. പരിശുദ്ധാത്മാവ് ലഭിച്ച എല്ലാവരും അന്യാഭാഷ സംസാരിക്കണമെന്ന് പെന്തക്കോസ് ഉപദേശം തെറ്റെന്ന് ഇവിടെ തെളിയുകയാണ്.

ശമര്യക്കാർ അന്യഭാഷ സംസാരിച്ചില്ല എന്ന കാര്യത്തെകുറിച്ച് ഒരു പെന്ത ക്കോസ്ത് പാസ്റ്ററും വാ തുറക്കില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഇവിടെയാണ് പെന്ത ക്കോസ്തുകാരുടെ ഇരട്ടത്താപ്പ് വെളിവാകുന്നത്!

### ❖ ഒരു കരിസ്മാറ്റിക് നേതാവിന്റെ അനുഭവവും തെറ്റായ പഠിപ്പിക്കലും

എത്ര വലിയ വ്യക്തിയായിരുന്നാലും തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കു മ്പോൾ അത് വചനാനുസരണമാകണം. അല്ലെങ്കിൽ അനേകരെ തെറ്റിലേക്ക് നയി ക്കും.

തമിഴ്നാട്ടിൽ കരിസ്മാറ്റിക് പ്രസ്ഥാനത്തിലെ പ്രധാന വ്യക്തികളിൽ ഒരാളാണ് ബ്രദർ മോഹൻ സി. ലാസറസ്. അദ്ദേഹം തന്റെ മാസികയായ യുവലോകം (വാലി പർ ഉലകം) 2013 ആഗസ്റ്റ് ലക്കം, പേജ് 6 ൽ ഇങ്ങനെ എഴുതുന്നു: "അന്ന് ഒരു ദിവസം മുഴുവനും **എന്നെക്കൊണ്ട് പ്രാർത്ഥിക്കുവാനോ,** ബൈബിൾ വായിക്കുവാനോ **കഴി ഞ്ഞില്ല.** മനസ്സിൽ ഒരു ഭാരം അമിഴ്ത്തിക്കൊണ്ടിരുന്നു. അപ്പോൾ ഞാൻ പതിവായി

പ്രാർത്ഥനയ്ക്ക് കടന്നു ചെല്ലുന്ന തോട്ടത്തിലേക്ക് പോയി. അവിടെ വച്ച് ആത്മാവിനാൽ നിറയപ്പെട്ടു. **ഞാൻ ഒരു വാക്കും എന്റെ മാതൃഭായിൽ പ്രാർത്ഥിക്കാതെ അന്യഭാഷയിൽത്തന്നെ പ്രാർത്ഥിച്ചു. ഞാൻ എന്ത് പ്രാർത്ഥിച്ചു എന്ന് എനിക്കു തന്നെ അറിയില്ല.** പക്ഷേ, ഞാൻ മാതൃഭാഷയിൽ പ്രാർത്ഥിക്കാൻ ശ്രമിക്കുമ്പോഴൊക്കെ അതിന് കഴിഞ്ഞില്ല. **പരിശുദ്ധാത്മാവ് തന്നെ എനിക്കായി പ്രാർത്ഥിച്ചു.** എന്റെ ഭാരമെല്ലാം നീങ്ങി."

തന്റെ വ്യക്തിപരമായ അനുഭവത്തെ മറ്റുള്ളവരുമായി പങ്കുവച്ച് ഒരുപദേശ മാക്കുവാൻ ശ്രമിക്കുകയാണ്. ഇത് തെറ്റ്. ഏതൊരു കാര്യവും ഉപദേശമാക്കുമ്പോൾ അതിന് വചനത്തിന്റെ പിൻബലം വേണം. ഈ അനുഭവക്കുറിപ്പിൽ ഇന്ന ഇന്ന വചന പ്രകാരം ആത്മാവ് എന്നിൽ പ്രവർത്തിച്ചു എന്ന് എഴുതുന്നില്ല. അതിനാൽ വായനക്കാർ ഇതുപോലുള്ള അനുഭവക്കുറിപ്പുകൾ വായിച്ച് അതിനെ അനുകരിക്കാൻ ശ്രമിക്കരുത്.

**അപ്ര 10:45; എഫേ 19:6**

അന്യഭാഷാ, പ്രവചനം വചനാനുസൃതമെന്ന് തെളിയിക്കാൻ പാസ്റ്റർ രാജമണി 3 വേദഭാഗങ്ങൾ ഉദ്ധരിച്ചിരുന്നു. അതിൽ ആദ്യവചന ഭാഗം തെറ്റാണെന്ന് നിങ്ങൾ കണ്ടു. ഇനി അടുത്ത രണ്ട് വചന ഭാഗങ്ങളിലേക്ക് വരാം. വചന ഭാഗങ്ങളാണ് തലക്കെട്ടായി നല്കിയിട്ടുള്ളത്.

# താക്കോൽ

താക്കോൽ എന്ന വാക്കിന്റെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കുവാൻ ഇതിന്റെ ചരിത്ര പശ്ചാത്തലം നിങ്ങൾ അറിയേണ്ടതാവശ്യമാണ്. ഇവിടെ **താക്കോൽ എന്ന** പദം സാധാരണ വീട്ടിൽ പൂട്ടുന്ന താക്കോലും താഴും അല്ല!

സാന്ദർഭികമായി Br. D.G.S. ദിനകരന്റെ **"സ്വർണ്ണതാക്കോൽ"** പദ്ധതി ഓർത്തുപോകുകയാണ്. ഇതിനെക്കുറിച്ച് മുമ്പൊരിക്കൽ ജാമക്കാരൻ മാസികയിൽ എഴുതുകയും, യേശു വിളിക്കുന്നു മാസികയിൽ ധാരാളം പരസ്യങ്ങൾ വന്നതും ശ്രദ്ധിച്ചിരിക്കുമല്ലോ! പുതു വായനക്കാർക്കായി ഒരിക്കൽ കൂടെ എഴുതുന്നു.

"ദൈവം ബ്രദർ D.G.S. ദിനകരനോട് താൻ കാണിച്ച മാതൃകപ്രകാരം ഒരു **സ്വർണ്ണതാക്കോൽ ഉണ്ടാക്കുവാൻ കല്പിച്ചു.** വ്യാപാരം ചെയ്യുന്നവർക്ക് 1 ലക്ഷം രൂപയ്ക്ക് **വില്ക്കുവാനും പറഞ്ഞു.** ബിസിനസുകാർ തങ്ങളുടെ ഇരിപ്പിടത്തിന് മുക

ളിലായി തൂക്കിയിട്ടാൽ ബിസിനസ് വളരും! കമ്പനിയുടെ Trade Name ഉയരും!" എന്നിങ്ങനെയാണ് അറിയിപ്പ്. എങ്ങനെയുണ്ട് പരസ്യം?

ലോകത്തിൽ എവിയെങ്കിലും ഏതെങ്കിലുമൊരു വ്യക്തി ഇങ്ങനെയൊരു യൗശെ ിലെെ ശ്രൈമലേഴ്യ അവതരിപ്പിച്ചിട്ടുണ്ടോ? **മാന്ത്രികത്തകിടും, ഏലസ്സും** കെട്ടുന്ന മറ്റ് മതങ്ങളുടെ ഒരു പതിപ്പല്ലേ Br. D.G.S. ദിനകരൻ!

Br. D.G.S. ദിനകരനെ കണ്ണടച്ച് വിശ്വസിക്കുന്ന മഠയന്മാരായ വ്യാപാരികൾ ചോദിച്ച തുക കൊടുത്ത് **താക്കോലുകൾ വാങ്ങി.** തൂക്കിയിട്ടു. ബിസിനസ് ചരിഞ്ഞു. കമ്പനികൾ പൂട്ടുന്ന നിലയിലായി. അതോടെ Br. D.G.S. ദിനകരന്റെ **സ്വർണ്ണതാക്കോൽ ബിസിനസ്സും നിലച്ചു!**

ഞാൻ പറയാൻ പോകുന്നത് ഇങ്ങനെയുള്ള **പറ്റിപ്പ്, തട്ടിപ്പ്** താക്കോൽ അല്ല! കർത്താവ് തന്നെ നല്കിയ **"സ്വർഗ്ഗരാജ്യ താക്കോൽ"** (മത്തായി 16:19) ആണ്!!

കർത്താവ് പത്രോസിനോട് ഒരു ചോദ്യം ചോദിച്ചു. അതിന് സ്വർഗ്ഗസ്ഥനായ പിതാവിന്റെ വെളിപ്പാടിനാൽ പത്രോസ് മറുപടി പറഞ്ഞു. മറുപടിയിൽ തൃപ്തനായ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് **"സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു"** എന്ന് പറഞ്ഞു.

താക്കോൽ എന്ന് വച്ചാൽ "അധികാരം (Authority) എന്നർത്ഥം (മത്തായി 16: 13–19)

നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗ രാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്ന് ഉത്തരം പറഞ്ഞു – മത്തായി 16: 18–19.

ഇതിന് സമാനമായ മറ്റൊരു വേദഭാഗവും ഉണ്ട്. അതും ചുവടെ ചേർക്കുന്നു:

"നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു." – മത്തായി 18:18

ഈ രണ്ട് ഭാഗവും സൂക്ഷ്മമായി പരിശോധിച്ചാൽ – "താക്കോൽ" – എന്ന പദം മത്തായി 16:18 ൽ മാത്രം ഉള്ളത് കാണാം. ഇവിടെയാണ് സഭയോടുള്ള ബന്ധത്തിൽ

സവിശേഷാപാധാന്യമുള്ള ഒരു വസ്തുതയുള്ളത്!

ഒരു കെട്ടിടത്തിന്റെ പ്രതിഷ്ഠാകർമ്മത്തിന് VIP യായ ഒരു വ്യക്തിയെ നിയോഗിക്കുന്നതു പോലെ സഭയാകുന്ന കെട്ടിടത്തിൽ ജനങ്ങളെ പ്രവേശിപ്പിക്കുവാൻ ദൈവം തെരഞ്ഞെടുത്ത- കർമ്മി/ VIP യാണ് **അപോസ്തലനായ പത്രോസ്** ഇത് ദൈവത്തിന്റെ നിർണ്ണയമാണ്.

സുവിശേഷം ലോകമെങ്ങും ചെല്ലണം. അതിനായി പഴയനിയമത്തെ അന്ത്യത്തിലേക്ക് കൊണ്ടുവരികയു, ക്രിസ്തുവിനെ മധ്യത്തിൽ നിറുത്തിയശേഷം **പുതിയ നിയമം തുടങ്ങുകയും ചെയ്തു. പുതിയ നിയമം** കടന്നുവന്നു എന്നതിന്റെ പ്രത്യക്ഷമായ തെളിവായി പരിശുദ്ധാത്മ അവരോഹണത്തെ ദൈവം ക്രമീകരിച്ചു.

അക്കാലത്ത് യെരുശലേം കേന്ദ്രമാക്കി 3 തരത്തിലുള്ള ജനതകളുണ്ടായിരുന്നു. അവർ **യഹൂർ, ശമര്യർ, പുറജാതിക്കാർ,** (അ.പ്ര 1:8) ഇവരെ ഈ അടുക്കും ക്രമവുനുസരിച്ച് സഭയിൽ ഉൾപ്പെടുത്താൻ ദൈവം തെരഞ്ഞെടുത്ത മാനപാത്രമാണ് **പത്രോസ്.**

## ❖ ക്രമം 1- യഹൂദർ

അപ്രവൃത്തികൾ 2–ാം അദ്ധ്യായത്തിൽ യെരുശമേമിൽ നടന്ന പരിശുദ്ധാത്മ അവരോഹണവും തന്മൂലം സഭാസ്ഥാപനവും അതിൽ യഹൂദന്മാരെ ചേർത്തതും അറിയാവുന്ന കാര്യമാണല്ലോ പരിശുദ്ധാത്മ പകർപ്പ പ്രത്യേക അനുഭവും ചരിത്രത്തിലെ ഒരു നാഴികക്കല്ലുമാണ്. അവിടുത്തെ മാനുഷിക നായകൻ പത്രോസാണ്. പത്രോസ് **സ്വർഗ്ഗരാജ്യ താക്കോൽ ആദ്യമായി തുറന്ന്** സഭയിൽ ജനങ്ങളെ ഉൽപ്രവേശിപ്പിച്ചു. പ്രത്യേകിച്ച **യഹൂദരെ!!**

## ❖ ക്രമം 2- ശമര്യർ

ശമര്യയിലെ ജനങ്ങൾ സുവിശേകനായ ഫിലിപ്പോസിലൂടെ സുവിശേഷം കേട്ട് വിശ്വസിച്ചു. മാനസരപ്പെട്ടു. പക്ഷേ ആ സമയം **പത്രോസ് അവിടെ ഇല്ല**. അതിനായി ദൈവം പത്രോസിനെ അവിടെ വരുത്തി. പത്രോസ് തന്റെ അധികാരം- **താക്കോൽ-** ഉപയോഗിച്ച് **ശമര്യരെ സഭയിൽ ഉൾപ്പെടുത്തി.** അങ്ങനെ സഭയോടുള്ള ബന്ധത്തിൽ ദൈവം തന്റെ **രണ്ടാമത്തെ ക്രമവും നിർവ്വഹിച്ചു.**

യഹൂദന്മാരാൽ ഏറെ വെറുക്കപ്പെടുകയും വിടക്കന്ന് തള്ളിക്കളഞ്ഞ വരുമാണ് ശമ്രൃക്കാർ. യഹൂദന്മാരെപ്പോലെ തന്നെ ഈ ജനതയെയും ദൈവം സ്നേഹിക്കുന്നു

എന്ന് വെളിപ്പടുത്താനും അതിന് സാക്ഷികളാകാനുമാണ് ദൈവം പത്രോസിനെയും യോഹന്നാനെയും വിളിച്ച് വരുത്തിയത്. ഇവരുടെ വാക്കിലൂടെ ക്രിസ്തീയ യഹൂദർ ശമര്യരെ അംഗീകരിച്ചു.

❖ **ക്രമം-3-പുറജാതിക്കാർ**

ആദ്യം യെരുശലേമിലും പിന്നെ യെരുശലേമിന് ചുറ്റും ഇവിടെയിതാ ലോകത്തിന്റെ അറ്റത്തോളും സുവിശേഷം ചെല്ലാൻ **3മതായി** അധികാരം-**താക്കോൽ**-ഉപയോഗപ്പെടുത്താൻ ദൈവം പത്രോസിനെ ഉപയോഗിക്കുന്ന ചരിത്ര സംഭവമാണ് അപ്രവൃത്തികൾ 10-ാം അദ്ധ്യായത്തിൽ കാണുന്നത്.

**പുറജാതിക്കാരിൽ** ആദ്യഫലമായ കൊർന്നല്യോസും തന്റെ വീട്ടുകാരും ബന്ധുക്കളും, ചാർച്ചക്കാരും സുവിശേഷം കേട്ട് വിശ്വസിച്ച് സഭയിൽ ചേരാൻ ദൈവം പത്രോസിനെ നേരിട്ടുതന്നെ വിളിച്ചു വരുത്തി. അതിന് ഒരു കാരണമുണ്ട്. ഏതെങ്കിലും വിധേന ഒരു ശമര്യക്കാരനെ അംഗീകരിച്ചാലും പുറജാതിക്കാരനെ അംഗീകരിക്കുക എന്നത് ഒരു യഹൂദനെ സംബന്ധിച്ചടത്തോളം ചിന്തിക്കാവു ന്നതിലും അപ്പുറമാണ്. ഈ പശ്ചാത്തലത്തിൽ ദൈവം പ്രത്യകമായി ഇടപെട്ട് പത്രോസിനെ 3-ാം ഘട്ടത്തിന് പങ്കാളിയാക്കുന്നു അതിന് മുഖാന്തരമായ ചരിത്രം അ.പ്രവൃത്തികൾ 10-ാം അദ്ധ്യായം 9 മുതൽ 29 വരെയുള്ള വാക്യങ്ങളിൽ കാണാം.

**കൊർന്നല്യോസും** വലിയ പുരുഷാരവും കർത്താവിനെ സ്വീകരിച്ച് **പത്രോസിന്റെ** സാന്നിധ്യത്തിൽ തന്റെ അധികാരം-**താക്കോൽ** – ഉപയോഗിച്ച് സഭയിൽ ചേർത്തു. അങ്ങനെ പുറജാതികളും അഥവാ ലോകത്തിന്റെ അറ്റത്തോളമുള്ളവർ സഭയിൽ ഉൾപ്പെടുത്തപ്പെട്ടു. പത്രോസും മറ്റ് യഹൂദരും ആദ്യമായി പുറജാതികളെ അംഗീകരിക്കാനായി ദൈവം അയച്ച അടയാളമാണ് **അന്യഭാഷാഭാഷണം. കൂടിയിരുന്നവർ** എല്ലാവരും പെന്തക്കോസ്ത ദിവസത്തിലെന്നപോലെ വിവിധഭാഷകളിൽ സംസാരിച്ചു പത്രോസും കൂട്ടരും ഇതു കണ്ട് അശ്ചര്യപ്പെട്ടു.

ഇപ്പോൾ സഭയിൽ **3 കൂട്ടും ജനതയായി കഴിഞ്ഞു. യഹൂദർ-ശമര്യർ-മറ്റുള്ളവർ** (പുറജാതിക്കാർ). ഇപ്പോൾ സഭയിൽ വിഭാഗീയതയത് സ്ഥാനമില്ല രക്ഷിക്കപ്പെട്ടവർ ഏവരും **ഒരപ്പന്റെ മക്കൾ** (യോഹ 1:12).

ഒരേ കർത്താവിന്റെ ശിഷ്യന്മാർ (മത്തായി 28:19,20)!!

ഒരേ ആത്മാവിനെ പാനം ചെയ്തവർ (1 കൊരി 12:13) !! **ഒരേ ശരീരത്തിന്റെ**

(ക്രിസ്തുവാകുന്ന ശരീരത്തിന്റെ) അവയവങ്ങൾ (1 കൊരി 12:12) !!!

സത്യസഭയിൽ ജാതിമത–വർഗ്ഗവർണ്ണ വ്യത്യാസമില്ല! പത്രോസിന് നൽകിയ അധികാരം–താക്കോൽ–ഉപയോഗിച്ച് യഹൂദരും (2–ാം അദ്ധ്യായം) ശമര്യരും (8–ാം അദ്ധ്യായം), പുറജാതിക്കാരും (10–ാം അദ്ധ്യായം) സഭയിൽ ആയി.

കർത്താവിന്റെ കൃപയുടെ ആശ്ചര്യം, ആഴം, ആഴക് എത്ര വലുത്!

**3 കൂട്ടം ജനതയെയും** ദൈവം സ്നേഹിക്കുന്നു എന്നതിന് അടയാളമായി 3 കൂട്ടരിലും പ്രത്യേകം പ്രത്യേകമായി പരിശുദ്ധാത്മാവിനെ പകർന്നു. (അ.പ്ര 2,8,10,19 അദ്ധ്യായങ്ങൾ). ജനം ആയിരക്കണക്കിൽ രക്ഷിക്കപ്പെട്ടു. സഭയോട് ചേർന്നു (അപ്ര 2:47).

**ഈ മൂന്ന് സംഭവമല്ലാതെ മറ്റിടങ്ങളിൽ അന്യഭാഷകൾ സംസാരിച്ചതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.**

❖ **തെറ്റായ ചിന്ത**

ഒരു വ്യക്തി രക്ഷിക്കപ്പെട്ട ശേഷം രണ്ടമതായി പ്രാപിക്കേണ്ട അനുഭവമാണ് പരിശുദ്ധാത്മാവ് എന്ന് പെന്തക്കോസ്ത പ്രസ്ഥാനം പഠിപ്പിക്കുന്നു. ഇതിന് തെളിവായി 2 സംഭവങ്ങളെ അവർ ചൂണ്ടികാണിക്കുന്നു.

1) അ.പ്ര 8–ാം അദ്ധ്യായത്തിൽ – ശമര്യക്കാരുടെ – അനുഭവം

2) അ.പ്ര 19–ാം അദ്ധ്യായത്തിൽ – സ്നാപക യോഹന്നാരന്റെ 12 ശിഷ്യന്മാരുടെ അനുഭവം എന്നിവയാണ്. ഇതിൽ ശമര്യക്കാരുടെ ഇടയിലെ അനുഭവം നാം കണ്ടു ഇനി 19–ാം അദ്ധ്യായ അനുഭവം നോക്കാം.

# എഫസോസ് പട്ടണ അനുഭവം

അപ്പോസ്തലനായ പൗലോസിന്റെ സമകാലികനായ അപ്പല്ലോസ് കൊരിന്തിന്റെ പ്രദേശങ്ങളിൽ സുവിഷേശം അറിയിച്ചു വരവേ പൗലോസ് ഉൾപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ച് എഫെസോസ് പട്ടണത്തിൽ എത്തി. അവിടെ ക്രിസ്തുമാർഗ്ഗ അനുസാരികളായ സ്ഥാപകയോഗന്നാന്റെ ശിഷ്യന്മരെ കണ്ടു.

ഈ സംഭവം പഠിക്കുന്നതിനു മുമ്പായി ഇവിടുത്തെ കഥാപാത്രങ്ങളായ 12 ശിഷ്യന്മാർ, അപ്പോപൗലോസ് എന്നിവരെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

❖ 1) 12) ശിഷ്യന്മാർ

ഈ ശിഷ്യന്മാർ **ക്രിസ്തുമാർഗ്ഗ** അഥവാ സഭയുടെ **ശിഷ്യന്മാർ അല്ല. മറിച്ച്**

സ്നാപകയോഹന്നാന്റെ ശിഷ്യന്മാരാണ്. എന്നു വച്ചാൽ രക്ഷിക്കപ്പെട്ട സ്നാനമേറ്റ് അടിസ്ഥാന ഉപദേശങ്ങൾ ആചരിച്ച് ക്രിസ്തുവിന് സാക്ഷികളായി ജീവിക്കാതിരിക്കെത്തന്നെ പള്ളികളിൽ പോകുന്നത് കൊണ്ടും ക്രിസ്തീയ ഭവനത്തിൽ ജനിച്ചതു കൊണ്ടും ഭക്തിയോടെ കർമ്മാചാരങ്ങളും പഴയ നിയമ കല്പനകളും അനുസരിച്ചും കഴിയുന്ന ഇന്നത്തെ **നാമധേയ ക്രിസ്ത്യാനികൾ** പോലെ!

പുതിയ നിയമത്തെയേ, ക്രിസ്തുവിനെയോ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന നിത്യജീവൻ, പുതുസൃഷ്ടിയുടെ അനുഭവം, പരിശുദ്ധാത്മാവിനാലുള്ള സന്തോഷം, ആത്മഭാരം, നിത്യതയുടെ ദർശനം, തുടങ്ങി ഒന്നും അറിയാതിരിക്കെ അഥവാ എട്ടുംപൊട്ടും അറിയാത്ത അവസ്ഥയിൽ സ്നാനമേറ്റും, ഞാനും ക്രിസ്ത്യാനി എന്ന് മേനി പറഞ്ഞു നടക്കുന്ന ഇന്നത്തെ നാമധേയ ക്രിസ്ത്യാനികളുടെ പതിപ്പാണ് യോഹന്നാൻ സ്നാപകന്റെ 12 ശിഷ്യന്മാർ.

അതുകൊണ്ടാണ് പൗലോസ് ഇവരോട് ചോദിച്ചത്. "നിങ്ങൾ വിശ്വസിച്ചിട്ട് **പരിശുദ്ധാത്മാവിനെ** പ്രാപിച്ചുവോ? നിങ്ങൾ **വീണ്ടും ജനിച്ചുവോ?** (യോഹ 3:3–5). അപ്പോൾ അവരുടെ മറുപടി പരിശുദ്ധത്മാവ് എന്തെന്ന് പോലും അറിയില്ല! അതേ ഇന്നത്തെ ഭൂരിപക്ഷം നാമധേയ, പെന്തക്കോസത് സഭകളിലെ വിശ്വാസികളെപ്പോലെ!! തുടർന്നു സംഭാഷണത്തിൽ അവർ കർത്താവിന്റെ കല്പന പ്രകാരമുള്ള സ്നാനമല്ല, പഴയനിയമ കർമ്മാചാരത്തിന്റെ ഭാഗമായ–മാനസാ ന്തരസ്നാനം ഏറ്റവരെന്ന്. ഇന്നും കർത്താവിന്റെ കല്പനപ്രകാരം–മത്തായി 28:19,20, മർക്കോസ് 16:16 സ്നാനമേൽക്കാത്ത പള്ളി ഭക്തരാണ് ക്രിസത്യാനികളിൽ ഭൂരിപക്ഷവും!

എഫേ 1:12 ൽ കാണുംവിധം അവർ സുവിശേഷം കേൾക്കുകയും രക്ഷിക്കപ്പെട്ടുകയും പരിശുദ്ധാത്മാവിനാൽ മുദ്രകിടപ്പെടുകയും ചെയ്തു. അവർ കേട്ട സുവിശേഷം ഏതാണ്? 1 കൊരി 15:34 ൽ കാണാം ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുമെഴുത്തിൽ പ്രകാരം മരിച്ച് അടക്കപ്പെട്ടു തിരുമെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിത്തെർഴുന്നേറ്റു ഇതാണ് **കൃപായുഗത്തിലെ അഥവാ** ഇന്നത്തെ സുവിശേഷം. പക്ഷേ വളരെ വേദനയോടെ പറയട്ടെ, 1 ക്രിസത്യാനികൾ എന്ന് അഭിമാനിക്കുന്ന ഭൂരിപക്ഷം പേർക്കും "സുവിശേഷം" എന്നാൽ എന്ത് എന്ന് അറിയില്ല. **എന്റെ വായനക്കാരിൽ ആരെങ്കിലും ഇതുവരെ ഈ സത്യസുവിശേഷം ഇതുവരെ അറിയാതെ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരി ക്കാത്ത**

**വാരാ യിട്ടുണ്ടെങ്കിൽ ഇപ്പോൾ തന്നെ നിങ്ങൾ ഒരു പാപി എന്ന് സമ്മതിക്കുകയും നിങ്ങളുടെ പാപത്തിനായി യേശുക്രിസ്തു കാൽവരിയിൽ യാഗമായി മരിച് അടക്കം ചെയ്യപ്പെട്. മൂന്നാംനാൾ ഉത്ഥാനംഗാപതാപവാനായി ഉയിർത്തെഴുന്നേറ്റ ഇന്നും ജീവിക്കുന്നു. എന്ന് വിശ്വസിക്കാൻ. രക്ഷിക്കപ്പെടാൻ താഴ്മയോടെ അപേക്ഷിക്കുന്നു.**

**ഈ ലോക ജീവിതം ധന്യമാക്കാൻ നിത്യനാശത്തിൽ നിന്ന് കരകയറാൻ ഒരൊറ്റ വഴിയേ ഉള്ളൂ ഇന്ന് തന്നെ കർത്താവിനെ സ്വീകരിക്കണേ!** കൃപയാൽ പഴയ നിയമ കർമ്മാചാരത്തിൽ, പളളിഭക്തിയിൽ മുഴുകിയിരുന്ന 12 ശിഷ്യന്മാരും ഇപ്പോൾ **ക്രിസ്തുശിഷ്യരായി!**

❖ **2) അപ്പോസ്തലനായ പൗലോസ്**

നാം ചിന്തിച്ചു വരുന്ന വേദഭാഗത്ത് വരുന്ന രണ്ടാമത്തതും പുതിയ നിയമത്തിലെ മുഖ്യകഥാപാത്രവുമാണ് അപ്പോസ്തലനായ പൗലോസ് ജന്മം കൊണ്ട് യഹൂദനും, പഠനം കൊണ്ട് **ന്യായപ്രമാണത്തിന്റെ സൗന്ദര്യം** എന്ന് എല്ലാവാരലും മുക്തകണ്ഠം പ്രശസ്തിക്ക് പാത്രവാനും പണ്ഡിതനുമായ ഗമാലിയേലിന്റെ അരുമ ശിഷ്യനും, കർമ്മം കൊണ്ട് പരീശനും (വേർപാടുകാരൻ) ചിന്തകൊണ്ട് ദൈവസേവയിൽ എരിവുള്ളവനും ആയിരുന്നു.

പഴയനിയമം അഥവാ ന്യായപ്രമാണം മാത്രം ശരിയെന്നും, ഏകസത്യദൈവമേയുള്ളൂ അത് യാവേ (യഹോവ) മാത്രമാണെന്നും വിശ്വസിക്കുകയും അതിനായി എന്തും, ഏതറ്റം വരെ ചെയ്യാനും എപ്പോഴും ഒരു ഒരുങ്ങിയിരുന്ന വ്യക്തിയായിരുന്നു പൗലോസ്.

വേഷത്തിൽ മനുഷ്യനായി കടന്നുവന്ന യേശു യാവേ (യേഹോവ) മനുഷ്യാവതാരം ചെയ്ത് വന്നതാണെന്ന് തന്റെ പഠനത്തിന്റെ അറിവും അളവുകോലും വച്ച് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

എന്നാൽ തക്ക സമയത്ത് ദൈവം പൗലോസിനെ പിടിച്ചു. താൻ ആരെന്നും തന്നിൽ വിശ്വസിക്കുന്ന ഭക്തന്മാർ തനിക്കേറ്റവും പ്രിയങ്കരരെന്നും കാണിച്ചു കൊടുത്തു വിവരങ്ങൾക്ക് വായിക്കുക. അ.പ്ര 9, 13–28 അദ്ധ്യായങ്ങൾ.

അതുവരെ പഴയനിയമത്തിന്റെ കാവലാളും, തീവ്രവാദിയുമായിരുന്ന പൗലോസ് ക്രിസ്തുവിന്റെ ശിഷ്യനായി സഭയുടെ സ്നേഹിതനായി ക്രിസ്തുവിനെ സേവിക്കാൻ

ജീവിതം ഒഴിഞ്ഞു വച്ചു. പഴയ നിയമത്തിലെ യാവേയെ ബഹുമാനിച്ചതിൽ ആയിരം മടങ്ങ് ക്രിസ്തുവിനെ സ്നേഹിച്ചു. എപ്പോഴും കണ്ണനീരോടും ആത്മഭാരത്തോടും ലോകസുഖങ്ങളെ ത്യജിച്ചുകൊണ്ടു മുഴുവൻ സമയവും കർത്താവിന്റെ പാദത്തിൽ ഇരുന്നു.

ഈ പൗലോസിനെ 12 അപ്പോസ്തലന്മാരുടെ കൂട്ടത്തിൽ ഒരാളായി തീർക്കണം എന്ന ദൈവത്തിന്റെ അനാധി നിർണ്ണയം ഇതാ നിറവേറുവാൻ പോകുന്നു. ലോകത്തെയും, ലോകത്തിലുള്ള സ്ഥാനവും, മാനവും, സമ്പത്തും സ്നേഹിച്ച് ദൈവത്തിന് ശത്രുവായ നമ്മുടെ കർത്താവിനെ ഒറ്റിക്കൊടുത്ത ഈസ്കര്യേത്തായുദാസിന് പകരം ഒരു വ്യക്തിയെ അപ്പോസ്തലനായി തെരഞ്ഞെടുക്കാൻ മറ്റ് 11 അപ്പോസ്തലന്മാർ ഒരു ശ്രമം നടത്തി (അ.പ്ര 1:15-26) പക്ഷേ കർത്താവ് അത് അംഗീകരിച്ചില്ല. കർത്താവിന്റെ ദൃഷ്ടിയിലെ അപ്പോസ്തലൻ പൗലോസ് ആണ് **പൗലോസിന്റെ അപ്പോസ്തലികത്വം തെളിയിക്കുവാൻ** ദൈവത്തിന് തിരുമനസ്സായി.

പെന്തക്കോസ്ത് ദിവസത്തിൽ 11 അപ്പോസ്തലന്മാരാൽ എവ്വണ്ണം പരിശുദ്ധാത്മാവിന്റെ പ്രവൃത്തി നിറവേറിയോ അതുപോലെ ഇതാ ഇവിടെയും പൗലോസിനെ കൊണ്ട് ദൈവം പ്രവർത്തിക്കുന്നു.

ഈ പ്രവൃത്തി **പത്രോസും മറ്റ് അപ്പോസ്തന്മാരും അംഗീകരിക്കുകയും പൗലോസിനെ തങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്തു (അ.പ്ര. 9:28)** . പിൽക്കാലത്ത് പത്രോസിനെ വരെ തിരുത്തുന്ന ഒരു തിരുത്തൽ ശക്തിയായിരുന്നു പൗലോസ് വിജാതീയർക്ക് സുവിശേഷം ലഭിക്കാൻ ദൈവം തെരഞ്ഞെടുത്ത മഹനീയ വ്യക്തിത്വത്തമാണ് അപ്പോസ്തലനായ പൗലോസ്! അങ്ങനെ പൗലോസിന്റെ അപ്പോസ്തലികത്വം ഉറപ്പിക്കാനായി ദൈവം നൽകിയ പ്രത്യേക അനുഭവമാണ് ഈ അന്യഭാഷാ ഭാഷണം!

ഇതിനെ പരിശുദ്ധാത്മവിന്റെ **രണ്ടാം അനുഭവം എന്ന് ആരും തെറ്റിദ്ധരിക്കരുതേ! കാരണം,** അവർ രക്ഷിക്കപ്പെട്ട ഉടൻ അവരുടെ മേൽ പൗലോസ് കൈകളെ വയ്ക്കുകയും ഈ അനുഭവം നടക്കുകയും ചെയ്യുന്നു. **രക്ഷിക്കപ്പെട്ട ഉടനെ** എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കുക. ആദ്യം ഇവർ ക്രിസ്തുശിഷ്യരല്ല; സ്നാപകയോഹന്നാന്റെ ശിഷ്യരായിരുന്നു! അഥവാ പഴയ നിയമത്തിന്റെ ഭാഗമായിരുന്നു!!

**അ.പ്രവൃത്തികളിലെ അന്യാഭാഷാ അനുഭവങ്ങൾ**

1) 2–ാം അദ്ധ്യായം – 1) കൊടിയ കാറ്റ് അടിക്കുന്നതു പോലെ ആകാശത്തു നിന്ന് മുഴക്കം
2) വീട് മുഴുവനും നിറച്ച അനുഭവം
3) അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ
4) പ്രത്യക്ഷമായ അനുഭവം
5) വിവിധഭാഷകളിൽ സംസാരം.

2) 8–ാം അദ്ധ്യായം– 1) വിശ്വസിച്ചു
2) സ്നാനമേറ്റു
3) അവരിൽ ആരുടെമേലും പരുശുദ്ധാത്മാവ് വന്നിരുന്നില്ല.
4) അപ്പാസ്തലന്മാർ വന്നു പ്രാർത്ഥിച്ചു.
5) അപ്പോസ്തലന്മാർ കൈ വച്ചു.

3) 10–ാം അദ്ധ്യായം 1) സുവിശേഷം കേട്ടു (വിശ്വസിച്ചു)
2) പരിശുദ്ധാത്മാവ് വന്നു
3) അന്യാഭാഷകളിൽ സംസാരിച്ചു
4) സ്നാനമേറ്റു

4) 19–ാം അദ്ധ്യായം 1) സുവിശേഷം കേട്ടു
2) യേശുക്രിസ്തുവിന്റെ നാമത്തിൽ (മത്താ 28:19,20) സ്നാനമേറ്റു
3) പൗലോസ് അവരുടെ മേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു.
4) അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു.

മുകളിൽ കൊടുത്തിട്ടുള്ള 4 സംഭവങ്ങളും വ്യത്യസ്ത രീതിയിലാണ് ആത്മാവിന്റെ അനുഭവങ്ങൾ സംഭവിച്ചിരിക്കുന്നത്. **ഇതിൽ ഏത് അനുഭവം മാതൃകയാക്കാനാണ് പെന്തക്കോസ്തുകാർ പഠിപ്പിക്കുന്നത്?** ഇവ ഓരോന്നും വ്യത്യാസം എന്നതിലുപരി ഓരോ പദ്ധതികളുടെ പൂർത്തീകരണവുമാണ്. **അതിനാൽ ഒന്നിനെയും അനുകരിക്കാൻ പാടില്ല, തെറ്റുമാണ്.** മാത്രമല്ല, സംഭവങ്ങളിൽ നിന്ന് ആത്മീയ പാഠങ്ങൾ ഉൾക്കാള്ളാം. **മറിച്ച്, ഉപദേശം സ്ഥാപിക്കരുത്.**

നാം മാതൃകയാക്കേണ്ടത് അപ്പോസ്തലന്മാരുടെ ഉപദേശമാണ്. അത് ലേഖനങ്ങളിലൂടെ ദൈവാത്മാവ് നല്കിയിരിക്കുന്നു.

**3 സാക്ഷികൾ**

2 കൊരി 13:1 അനുസരിച്ച് ഏതു കാര്യവും രണ്ടോ മൂന്നോ സാക്ഷ്യങ്ങളാൽ ഉറപ്പിക്കാം എന്നതിനാൽ അന്യഭാഷാ ഭാഷണത്തിന് അനുകൂലമായി 3 വചനങ്ങളെ സാക്ഷികളായി കൊണ്ടു വന്നു. അവ അ.പ്ര. 2, 10, 19 എന്നീ അദ്ധ്യായങ്ങളാണ്.

ഈ മൂന്ന് വേദഭാഗങ്ങളെ സവിസ്തരം വിശദീകരിച്ചു. പക്ഷേ പാസ്റ്റർ. രാജമണി അവർകളുടെ വാദത്തിന് എതിരായിട്ടാണ് ഈ വചനങ്ങൾ നില്ക്കുന്നത്.

പൊതുവേ, കേസുകളിൽ ജയിക്കാൻ വക്കീലന്മാർ കള്ളസാക്ഷികളെ കോടതിക്കുമുമ്പു നിറുത്താറുണ്ട്. അതുപോലെ അന്യഭാഷകൾ എല്ലാവരും സംസാരിച്ചേ തീരു എന്ന് വരുത്തിത്തീർക്കാൻ അന്യഭാഷ ഭാഷണവുമായി യാതൊരു ബന്ധവുമില്ലാത്ത 3 **കള്ള സാക്ഷികളെ** കൊണ്ടു വന്നു നിർത്തി. ദൈവാത്മവുള്ളവർ ഞാൻ എഴുതിയതിനെയും, പാസ്റ്റർ. രാജമണി അവർകൾ എഴുതിയതിനെയും താരതമ്യം ചെയ്ത് നോക്കുക. തീരുമാനിക്കുക.

❖ **അന്യഭാഷയെ ദൈവം തന്നെ സംസാരിപ്പിക്കുന്നു എന്ന് പാസ്റ്റർ രാജമണി തെറ്റായി എഴുതിയിരിക്കുന്നു**

അന്യഭാഷാഭാഷണത്തിന് പിന്നിൽ ദൈവമാണെന്ന് യാതൊരു വചനാടിസ്ഥാനവുമില്ലാതെ പാസ്റ്റർ. രാജമണി അവർകൾ പറയുന്നു. ഇങ്ങനെ പറയുന്നതിലൂടെ താനും കുഴങ്ങി മററുള്ളവരെയും കുഴപ്പിക്കുന്നു.

1. പാസ്റ്റർ രാജാമണി അവർകൾ ഇങ്ങനെ പറയുന്നു: ''ദൈവം നമ്മുക്ക് മനസ്സിലാക്കാനാകാത്ത കാര്യങ്ങളെയും, സംഭവങ്ങളെയും നല്കും, ഉദാഹരണമായി എസക്കിയേൽ പ്രവചന പുസതകത്തിലെ – **നാല് ജീവനുകൾ, നാല് മുഖങ്ങൾ, നാല് ചക്രങ്ങൾ, ചക്രങ്ങൾക്കുള്ളിൽ ചക്രം,** വെളിപ്പാട് പുസ്തകത്തിലെ – **സൂര്യനെ അറിഞ്ഞ സ്ത്രീ**, സമുദ്രത്തിൽ നിന്നു **കയറിയ മൃഗം,** ഇങ്ങനെ ധാരാളം. ഇതുപോലെയാണ് നമ്മുക്ക് മനസ്സിലാകാത്തതെങ്കിലും അന്യഭാഷ ദൈവം നല്കുന്നതാണ്. കാര്യങ്ങളെ സമർത്ഥിക്കാൻ പാസ്റ്റർ ഇങ്ങനെയെടുക്കുന്നു.

ഇത് എത്ര ശൈശവ പ്രായമായ ചിന്തയാണ്. എസക്കിയേൽ, വെളിപ്പാട് തുടങ്ങിയ പ്രവചനങ്ങളെ അന്യഭാഷയ്ക്കായി എന്തിന് വിളിച്ച് വരുത്തുന്നു. **അന്യഭാഷയും പ്രവചനലും ഒന്നാണോ?** രണ്ടും രണ്ട് വരമല്ലേ.

2. ദാനിയേൽ 5:25–30 – " ബേൽശസ്സർ രാജാവിന് മുന്നറിയിപ്പ് നല്കാൻ ഒരു കൈപ്പത്തി ചുവരിൽ എഴുതിയത്–

MN MM TKL UPRS എന്ന എഴുത്തുകളിൽ അന്യഭാഷയ്ക്ക് ഉദാഹരണമാണ്."

മുകളിൽ കൊടുത്ത വാക്കുകൾ അരാമ്യ ഭാഷയിൽ ദൈവം എഴുതിയപ്പോൾ വാക്കുകളിലെ സ്വരാക്ഷരങ്ങൾവിട്ടുകളഞ്ഞിട്ട് എഴുതി ബാബിലോണിലെ ഒരു വ്യക്തിക്കും ഇത് വായിക്കുവാനോ അർത്ഥം പറയുവാനോ കഴിഞ്ഞില്ല.

ദൈവാത്മ സഹായത്താൽ ദാനിയേൽ വിട്ടുപോയ സ്വരാക്ഷരങ്ങളെ ചേർത്ത് വാക്കുകളാക്കി മാറ്റി. MENE MENE TEKEL UPARSINഎന്നാണ് ആ വാക്യം. ഉടനേ അതിന്റെ അർത്ഥം പറഞ്ഞു. രാജാവും പണ്ഡിതന്മാരും അർത്ഥം ശരിയെന്ന് സമ്മതിച്ചു.

പാസ്റ്റർ . രാജമണി അവർകൾ "ഇതുപോലെ ഞങ്ങളുടെ സഭാ ജനങ്ങളും സംസാരിക്കുന്ന അന്യഭാഷ ദൈവം സംസാരിപ്പിക്കുന്നതാണ്. ആർക്കും അതിന്റെ അർത്ഥമറിയില്ല. പരിശുദ്ധാത്മാവിന് മാത്രമേ അർത്ഥമറിയാൻ കഴിയൂ, ബാബിലോണ്യ രാജാവിന് എന്തിന് **മനസ്സിലാകാത്ത ഭാഷയിൽ ദൈവം സംസാരിച്ചു** എന്ന് നമുക്ക്ചോദ്യം ചെയ്യാനാകുമോ? അതുപോലെ ദൈവാത്മാവിന് തമിഴ് അറിയാം. പിന്നെന്തിന് അന്യഭാഷ നല്കുന്നു." എന്നിങ്ങനെ പോകുന്നു പാസ്റ്ററുടെ ചോദ്യങ്ങൾ. ഈ ചോദ്യങ്ങൾ കേട്ടാൽ വചനത്തിന്റെ ബാല പാഠങ്ങൾ പോലും പാസ്റ്റർക്കറിയില്ലേ എന്ന് തോന്നിപ്പോകും.

മുമ്പ് TPM ചീഫ് പാസ്റ്റർ.രാജൻ അവർകൾ അർത്ഥമില്ലാത്ത ചോദ്യങ്ങളും ദൈവപുസ്തകവുമായി ഒരു ബന്ധവുമില്ലാത്ത മറുപടികളും നല്കിയതുപോലെ, പാസ്റ്ററും വചന വെളിച്ചത്തിൽ തന്റെ മറുപടി പറയാതെ മെനെ മെനെ... തുടങ്ങിയ വാക്കുകളും ബൈബിളിൽ ഉള്ളവ തന്നെയല്ലേ എന്ന് പറഞ്ഞ് സമയം മെനക്കെടുത്തുന്നു, ഇത് വെറും വാഗ്വാദമത്രേ! ഇനി പാസ്റ്റർ. രാജമണി അവർകളുടെ കത്തിൽക്കാണുന്ന അർത്ഥശൂന്യമായ വിധം വാദങ്ങൾക്കു മറുപടി പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

ചോദ്യത്തിന് മറുപടിയാകാം. വാഗ്വാദത്തിന് മറുപടി പറയരുത്. കാര്യമറിയാത്തവർ ചോദ്യം ചോദിക്കും. അംഗീകരിക്കാൻ മനസ്സില്ലാത്തവർ വാഗ്വാദം ചെയ്യും "വാഗ്വാദത്തിന് ഞങ്ങളില്ല" എന്ന് പൗലോസ് പറയുന്നത് ശ്രദ്ധിക്കുക

എങ്കിലും പാസ്റ്റർ. രാജമണി അവർകൾ പറഞ്ഞ അവസാന കാര്യത്തിനും മറുപടി പറയാം.

മുകളിൽ നിങ്ങൾ വായിച്ചത് ബാബിലോണ്യരാജാവിന് ദൈവം നല്കിയ **മുന്നറിയിപ്പാണ്.** യഹൂദന്മാർ സംസാരിക്കുന്ന ഭാഷയിലാണ് ദൈവം എഴുതിയത്. നമ്മുക്ക് സ്വരക്ഷരങ്ങളില്ലാതെ ഏതോ ഒരു വിചിത്ര ഭാഷപോലെ തോന്നിക്കുമാറ് ദൈവം ചെയ്തു. ഇതിലൂടെ രണ്ട് കാര്യങ്ങളാണ് ദൈവം ഉദ്ദേശിച്ചത്. 1. രാജാവിനുള്ള മുന്നറിയിപ്പ്. 2. ബാബിലോണ്യാ പണ്ഡിതന്മാരേും, ജ്ഞാനികളെയും താഴ്ത്തി, ആ ദേശത്ത് അഗതിയായി പാർക്കുന്ന ദാനിയേലിനെ ജ്ഞാനമുള്ളവനാക്കി നിർത്തി ആ രാജ്യത്തിൽ തന്നെ ഉയർന്ന പദവിയിൽ വയ്ക്കാനുമാണ്.

**പാസ്റ്റർ രാജമണി അവർകൾക്ക് എന്റെ അഭ്യർത്ഥന**

ബാബിലോണ്യ കൊട്ടാരത്തിൽ നടന്ന സംഭവങ്ങൾ അന്യഭാഷയക്ക് അടയാളം എന്ന് താങ്കൾ പറയുന്നുല്ലോ? ചോദിക്കട്ടെ, കൊട്ടാരത്തിലെ ചുവരിൽ എഴുതിയത് എന്ത്? എന്തിന്? എന്ന് താങ്കൾക്ക് അറിയില്ലേ? ഇത്രകാല ശുശ്രൂഷാ അനുഭവത്തിൽ നിന്നും, വചന പഠനത്തിൽ നിന്നും മനസ്സിലായിട്ടില്ലേ? ഒരു കള്ളം പറഞ്ഞ് മറ്റുള്ളവയെ ശരിയാക്കാൻ ശ്രമിക്കുകയാണോ ? ആരെ തൃപ്തിപ്പെടുത്താ നാണ് ഈ അഭിനയം? കർത്താവിനെ അല്ല, മറിച്ച് നിങ്ങളുടെ പ്രസ്ഥാനത്തെ, വിശ്വാസികളെ.

താങ്കൾ സത്യം മറച്ചു പിടിക്കുന്നത് പരിശുദ്ധാത്മാവിന് എതിരായ പ്രവൃത്തി അല്ലേ? പരിശുദ്ധാത്മാവിനോട് കളിക്കുന്നത് സൂക്ഷിച്ചുവേണം ജഗ്രത!!

മെനേ, മെനേ എന്നീ വാക്കുകൾ **ഒരു ഭാഷയിലുള്ളവയാണ്.** ഏത് പദത്തിനും അർത്ഥം/ആശയം ഉണ്ട് 1കൊരി 14:8–10 ഇവ ദൈവത്തിന്റെ കൈപ്പത്തിയാൽ എഴുതിയതു കൊണ്ട് **സ്വർഗ്ഗീയ ഭാഷയല്ല!**

ചില പത്രങ്ങളിലും, വാരികകളിലും കുഞ്ഞങ്ങൾക്കായി വാക്കുകൾ പൂർത്തീ കരിക്കുന്ന അഭ്യസനം (Wood puzzle) ഉണ്ടായിരിക്കും. ഒരു പദത്തിന്റെ ആദ്യാക്ഷരങ്ങളോ, അന്ത്യാക്ഷരങ്ങളോ, കൊടുത്തിരിക്കും, വിട്ടുപോയ അക്ഷരങ്ങൾ നാം പൂരിപ്പിച്ചാൽ പദമാകും. ഉദാഹരണമായി: "ന്യായപ്രമാണത്തെ രാപ്പകൽ ദ്രക്കുന്നവൻ ഭാഗ്യവാൻ" എന്നെഴുതും. ഈ കോളങ്ങൾ പൂർത്തിയാക്കിയാൽ "ധ്യാനിക്കുന്നവൻ" എന്ന പദം ലഭിക്കും. ഇതുപോലെ സ്വരാക്ഷങ്ങളില്ലാതെ **വ്യംജനാക്ഷരങ്ങൾ** മാത്രം എഴുതുന്നത് **"സെമിറ്റിക്"** ഭാഷാഗോത്രത്തിലെ ഭാഷകളിൽ ഉള്ളകാര്യമാണ്. അതനുസരിച്ച് "MENE" എന്ന് എഴുതുന്നതിന് പകരം "MN" എന്നെഴുതിയാലും എബ്രായ, ... Arameya തുടങ്ങിയ ഭാഷകൾ പഠിച്ചവർ സന്ദർഭാനുസരണം ഏത് വാക്ക് അവിടെ

യോജിച്ചത് എന്ന് മനസ്സിലാക്കി പദമാക്കും. ബൈബിൾ കോളേജിൽ എബ്രായ ഭാഷ പഠിച്ച താങ്കൾക്ക് ഇത് നല്ലവണ്ണം അറിയാമല്ലോ!

ഇവിടെ ദാനിയേലിന് ദൈവം പദങ്ങളും ആശയങ്ങളും, അർത്ഥവും, വ്യാഖ്യാനവും, നൽകി അനുഗ്രഹിച്ചു. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം– **ഭാഷ സ്വർഗ്ഗീയ ഭാഷയല്ല,** ജനങ്ങൾ സംസാരിക്കുന്ന ഭാഷ എന്നതാണ്. ദൈവം എപ്പോൾ ആരോട് സംസാരിച്ചാലും അവർക്ക് മനസ്സിലാകുന്ന ഭാഷയിലേ സംസാരിക്കു! ഇത്ര ലളിതമായ കാര്യം പാസറ്റർക്ക് മനസ്സിലായില്ലന്നോ? ആശ്ചര്യമായിരിക്കുന്നു.

മറ്റൊരു പെന്തക്കോസ്ത് പാസ്റ്റർ എഴുതി "കർത്താവ് കൂശിൽ സംസാരിച്ചത്. "ഏലി ഏലീ ലമ്മാശബക്താനീ" അന്യഭാഷയാണ് എന്നത്രേ. ഇങ്ങനെയുള്ള വേദപുസ്തകജ്ഞാനത്തിക്കുറഞ്ഞ പാസ്റ്റർമാർ ജനത്തെ എങ്ങനെ വഴി നടത്തും? ഏതോ ഒരു മന്ദബുദ്ധി പാസ്റ്റർ പറഞ്ഞു എന്ന് സമാധാനിക്കാൻ വരട്ടെ, 2 മാസികകളിലും ഇങ്ങനെ എഴുതിയിരിക്കുന്നു. യേശു അന്യഭാഷ പറഞ്ഞു. അതുകൊണ്ട് നാമും പറയണം എന്ന് ജനങ്ങളെ വിശ്വസിപ്പിക്കാനാണ് ഈ ചെപ്പടി വിദ്യ.

കർത്താവ് ഉച്ചരിച്ച ആ പദത്തിന്റെ അടുത്തു തന്നെ അതിന്റെ അർത്ഥവും കൊടുത്തിട്ടുണ്ട്. "എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?

ഇനി വായനക്കാർ പറയുക: **മെനേ മെനേ എന്നത് അന്യഭാഷയാണ്.** അത് **പരിശുദ്ധാത്മാവിന് മാത്രമേ അറിയൂ.** എന്ന പറയുന്ന പാസറ്റർ രാജമണിയും,**"ഏലി ഏലി..** എന്ന് യേശു പറഞ്ഞത് അന്യാഭാഷയാണ്" എന്ന് എഴുതിയ പാസ്റ്ററും ഒന്നല്ലേ? ഇവരൊക്കെ ഒരേ അച്ചിൽ വാർത്ത ശില്പങ്ങളാണ്.

പാസ്റ്റർ രാജമണി അവർകളുടെ ചോദ്യങ്ങൾക്ക് ഇത്രയും മറുപടികൾ ധാരാളം എന്ന് കരുതുന്നു. പാസ്റ്റർ അന്യഭാഷയ്ക്ക് വേണ്ടി എഴുതിയ കാര്യങ്ങൾ മാസികയിൽ എഴുതിയാൽ തനിക്കു ഇപ്പോൾ ഉള്ള പേരു കൂടി നഷ്ടപ്പെടും.

വരും നാളിൽ **അന്യഭാഷാ, വരം** എന്നീ കാര്യങ്ങളെ വചനാടിസ്ഥാനത്തിൽ വിശദീകരിക്കാം. ഇവ രണ്ടും വച്ചാണ് പെന്തക്കോസ്തുകൾ വിശ്വസികളെ കുഴപ്പത്തിലാക്കുന്നത്. അതിനു ശേഷം ഇക്കാര്യങ്ങൾ ലറശേ ചെയത് പുസതകമാക്കി പ്രസിദ്ധീകരിക്കും. പുസത്കം **ഇംഗ്ലീഷ്, തമിഴ്, മലയാളം, ഹിന്ദി** എന്നീ ഭാഷകളിൽ പ്രസിദ്ധീകരിക്കാൻ കർത്താവിൽ ആഗ്രഹിക്കുന്നു. വായനക്കാർക്കോ, പെന്തക്കോസ്ത് പാസ്റ്റർമാർക്കോ ഞാനെഴുതിയതോ, വിട്ടുപോയതോ ആയ കാര്യങ്ങൾ വചനാനുസ

രണം എഴുതുമെങ്കിൽ അവ പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിൽ ചേർക്കാൻ തുറന്ന മനസ്സോടെ കാത്തിരിക്കുന്നു എന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കട്ടെ!

എന്റെ 52 വർഷ ശുശ്രൂഷാ അനുഭവത്തിൽ പറയട്ടെ "വചനാനുസൃതമല്ലാതെ അന്യഭാഷയെന്ന പേരിൽ ശബ്ദകോലാഹലം സൃഷ്ടിക്കുന്ന പാസ്റ്റർ, കൺവെൻഷൻ, പ്രസംഗകർ, റ്റി.വി. പ്രസംഗകർ തുടങ്ങി ഏത് വ്യക്തിയുടെ അടിത്തട്ടിലും കള്ളവും, കാപട്യവും ഉണ്ട് എന്നത് സത്യമത്രേ! ഇങ്ങനെയുള്ളവരെ വിശ്വസിക്കരുത്.

**അടുത്ത ലക്കത്തിൽ** –1 കൊരി 14: 1,2 – **വചനങ്ങൾക്ക് വിശദീകരണം നല്കാൻ കർത്താവിൽ ആഗ്രഹിക്കുന്നു. ബാക്കി വിവരങ്ങൾ അടുത്തലക്കം ജാമക്കാരനിൽ....**

## ശ്രദ്ധിക്കുക:

1. അന്യഭാഷയെക്കുറിച്ച് തുടർച്ചയായി ജാമക്കാരനിൽ പ്രസിദ്ധീകരിക്കുന്നത് ചിലർക്ക് ക്ലേശം ഉണ്ടാക്കി എന്നറിഞ്ഞു. ഇന്ന് അന്യഭാഷ എന്ന പേരിൽ നടക്കുന്നത് – ക്കൂത്ത് – എന്ന് മനസ്സിലാക്കിയവർ – ചില മാസം ക്ഷമയോടെ കാത്തിരിക്കുക.
2. ഇവ പെന്തക്കോസ്ത് സഭകളിലുള്ള എന്റെ വായനക്കാർക്കും മറ്റ് സഭകളിൽ പോകുമ്പോൾത്തന്നെ ഇതും ശരിയല്ലേ എന്ന് സംശയമുള്ളവർക്കും വേണ്ടിയാണ് എഴുതുന്നത്.
3. അല്പ സമയം കൂടെ ക്ഷമിക്കുക.

**മൊബൈലിൽ ബാലൻസ് ഇല്ലാതെ എന്നോട് സംസാരിക്കാൻ ശ്രമിക്കരുതേ?**

പലരും ആലോചന കേൾക്കാനും പ്രാർത്ഥിക്കാനും തങ്ങളുടെ മൊബൈലിൽ നിന്ന് എന്നോട് സംസാരിക്കാറുണ്ട്. ബൈബിൾ അടിസ്ഥാനത്തിലും, ആരോഗ്യപരമായ അടിസ്ഥാനത്തിലും ആലോചനകൾ നല്കി പ്രാർത്ഥിക്കാൻ തുടങ്ങിയ ഉടൻ അവരുടെ മൊബൈൽ കട്ട് ആകുന്നു. ഇതൊന്നുമറിയാതെ കണ്ണുമടച്ച് ഞാൻ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയ്ക്കു ശേഷം ആമേൻ എന്ന ശബ്ദം കേൾക്കാൻ ശ്രദ്ധിക്കുമ്പോഴാണ് മറുവശം ഒരു ശബ്ദവുമില്ലാത്ത കാര്യം അറിയുന്നത്.

ക്ഷണിക്കണം ഡോക്ടർ, മൊബൈലിൽ ബാലൻസ് തീർന്നു. പിന്നെയും കാശിട്ടശേഷം സംസാരിക്കുന്നു. ഒരിക്കൽ കൂടെ പ്രാർത്ഥിക്കാമോ എന്ന് പറയുമ്പോൾ ഞാനെന്ത് ചെയ്യും? അവർക്ക് ആലോചന നല്കി, ഇനി മൊബൈലിൽ ബാലൻസ് ഒക്കെ നോക്കിയ ശേഷം വിളിക്കണേ എന്നോർമ്മിപ്പിക്കും.ഇനി വീണ്ടും പ്രാർത്ഥിക്കാനാ വില്ല. പ്രാർത്ഥന ദൈവത്തോട്സംസാരിക്കുന്നത്ദൈവവും പ്രാർത്ഥന കേട്ടു. പ്രാർത്ഥനയെ അലക്ഷ്യമാക്കുന്ന രീതിയിൽ ആരും പ്രവർത്തിക്കരുതേ. ദൈവത്തിന് നല്കേണ്ട ഗൗരവം നല്കി സഹകരിക്കുക.

# ആസ്ട്രേലിയ: മലേഷ്യ:

**മലേഷ്യ:** 2016 നവംബർ മാസം ആദ്യ ആഴ്ച മലേഷ്യയിൽ നടക്കുന്ന യോഗങ്ങൾക്കു തീയതികൾ നല്കി. ഇനി മലേഷ്യയിലെ മറ്റു സ്ഥലങ്ങൾക്ക് നല്കാൻ ദിവസങ്ങള ഇല്ല എന്ന് ഓർമ്മിപ്പിക്കട്ടെ. ക്ഷമിക്കുക

## ആസ്ട്രേലിയ:

2016 നവംബർ മാസം രണ്ടാം ആഴ്ച മുതൽ ആ മാസം മുഴുവനും, മെൽബോൺ, സിഡ്നി എന്നിവിടങ്ങളിലെ മലയാളം, തമിഴ് സഭകൾക്കു തീയതികൾ നൽകിക്കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽ തീയതികൾ നല്കാൻ ഇല്ല എന്നറിയിക്കട്ടെ. ക്ഷമിക്കുക.

ഈ നാടുകളിലുള്ള എന്റെ വായനക്കാർ അവിടെ നടക്കുന്ന യോഗങ്ങളിൽ സംബന്ധിക്കുവാനും, ആലോചനകൾ ലഭിക്കാനും, പ്രാർത്ഥിക്കാനുമായി ബന്ധപ്പെടേണ്ട വിലാസങ്ങൾ കൊടുക്കുന്നു. ദയവായി ഫോൺ, ഇമെയിൽ വഴി ബന്ധപ്പെടുക.

### എന്റെ വിദേശ ശുശ്രുഷകൾ

| രാജ്യം | Contact Person | Contact Numbers |
|---|---|---|
| 1. Malavsia<br>2016 Nov 1-6 | Rev. Hendv | 192224410 |
| 2. Australia<br>2016-Nov 9-13 | Mr. Iavan Chrvsostom<br>Malavalam-Melbrurne | 409809002 |
| 2016 Nov 17-20 | Bro. Vino Appadurai<br>Tamil - melboorne | Mail:vinoiit @vahoo.co.in |
| 2016 NOv 23-29 | Bor. Iohn Cumarasarrv<br>Tamil - Svdnev | +6148962911<br>Email: iemarasamv@optusnet.co.av |

ശ്രദ്ധയ്ക്ക്: എന്നെക്കാണാൻ ആഗ്രഹിക്കുന്നവർ ഈ സഹോദരങ്ങള ബന്ധപ്പെട്ട ap-pointment Fix ചെയ്യുക

# ചോദ്യം - ഉത്തരം
# ജാമക്കാരൻ ഉത്തരങ്ങൾ

**ചോദ്യം:** എന്റെ ഭർത്താവ് രക്ഷിക്കപ്പെട്ടിട്ടില്ല. പക്ഷേ നിങ്ങളുടെ മാസിക അക്ഷരംപ്രതി വായിക്കും. പ്രശ്നം എന്തെന്ന് വച്ചാൽ, നിങ്ങൾ അന്യഭാഷയെക്കുറിച്ച് എഴുതിയ പേജുകൾ കോപ്പിയെടുത്ത് പലർക്കും വിതരണം ചെയ്ത് പെന്തക്കോസ്ത് സഭകളെ അപമാനിക്കുന്നു. അതുകൊണ്ട് എന്റെ ഭർത്താവിന് നിങ്ങൾ അയക്കുന്ന ജാമക്കാരൻ നിർത്തിവയ്ക്കുക.

**മറുപടി:**

സഹോദരി, നിങ്ങളാരെന്ന് മനസ്സിലായി. ഒന്നുകിൽ അന്യഭാഷ സംസാരിക്കുന്നവർ അല്ലെങ്കിൽ പെന്തക്കോസ്ത് സഭയ്ക്ക് പോകുന്നവർ. നിങ്ങൾക്ക് എന്റെ ജാമക്കാരൻ മാസിക ഇഷ്ടമില്ല എന്നും മനസ്സിലായി. അല്പ സമയം എടുത്ത് സ്വയം ശോധന ചെയ്യുക. നിങ്ങൾ സംസാരിക്കുന്ന, നിങ്ങൾ ഇഷ്ടപ്പെടുന്ന അന്യഭാഷ വചനാനുസരണമാണോ എന്ന്!

രക്ഷിക്കപ്പെട്ടില്ല എന്ന് പറയുന്ന നിങ്ങളുടെ ഭർത്താവ് പെന്തക്കോസ്ത് വിശ്വാസികൾ വചനാനുസൃത വഴിയിലേക്ക് തിരിയാനുള്ള നല്ല വേല ചെയ്യുമ്പോൾ എന്തിന് തടുക്കണം? **പെന്തക്കോസ്ത് സഭയ്ക്ക് പോകുന്നു എന്ന ഒറ്റക്കാരണം കൊണ്ട് നിങ്ങൾ രക്ഷിക്കപ്പെട്ടു എന്ന് പറയാനാകുമോ?** അങ്ങനെ രക്ഷിക്കപ്പെട്ടവരാണെങ്കിൽ വചനദാഹവും, ദൈവാത്മ സഹായത്തോടെ വചനം ശോധന ചെയ്യുന്ന ശീലവും ഉണ്ടായിരിക്കുമല്ലോ? (അ. പ്ര. 17: 11,12) ശരിക്ക് രക്ഷിക്കപ്പെട്ട ഒരു സ്ത്രീ തന്റെ ഭർത്താവിനെ രക്ഷിക്കപ്പെടാത്ത വ്യക്തി എന്ന് ഇകഴത്തില്ലല്ലോ? അങ്ങനെ പറയുന്നതിലുള്ള അപമാനം കുടുംബത്തിന് മൊത്തത്തിലല്ലേ? നിങ്ങളുടെ ഭർത്താവ് പെന്തക്കോസ്ത് സഭകളിലെ സാക്ഷ്യക്കേടും, നിങ്ങളുടെ ജീവിതത്തിലെ അപാകതകളും കണ്ട് **നിങ്ങളോടൊപ്പം പെന്തക്കോസ്ത് സഭയ്ക്ക് വരുന്നില്ല.** അതല്ലേ സത്യം. അതുകൊണ്ട് നിങ്ങളുടെ ഭർത്താവിനെ സ്നേഹിക്കുക, താഴ്മപ്പെടുക, വിനയപ്പെടുക, പിന്നെ പ്രാർത്ഥിക്കുക. അപ്പോൾ നിങ്ങളുടെ ഭർത്താവ് രക്ഷിക്കപ്പെടും.

ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: "കർത്താവായ യേശുവിൽ വിശ്വസിക്കുക: എന്നാൽ നീയും നിന്റെ കുടുംബവും (കർത്താവും) രക്ഷ പ്രാപിക്കുക്കും.

നിങ്ങൾ മാനസാന്തരപ്പെടുക, അനുതപിക്കുക, രക്ഷിക്കപ്പെടുക. അതിനായി പ്രാർത്ഥിക്കുന്നു.

❖❖❖❖❖❖❖❖❖❖❖❖

**ചോദ്യം: 2**

നിങ്ങളുടെ 52 വർഷ ശുശ്രൂഷയിലൂടെ സൗഖ്യം പ്രാപിച്ചവർ, രക്ഷിക്കപ്പെട്ടവർ ധാരാളം എന്ന് ഞാനറിയും. എന്റെ വയസ്സ് 82. നിങ്ങളുടെ **ശക്തിയുള്ള പ്രാർത്ഥന** യാൽ ചലനം അനുഭവിച്ച വ്യക്തികളിൽ ഒരാളാണ് ഞാൻ. പലതവണ അത്ഭുത സൗഖ്യം പ്രാപിച്ച വിഷയങ്ങൾ സാക്ഷ്യമായിട്ട് എഴുതിയിട്ടും ഒന്നും പ്രസിദ്ധീകരിച്ചില്ലല്ലോ? സാക്ഷ്യത്തിലൂടെ ദൈവനാമം മഹത്വപ്പെടില്ലേ?

**ഉത്തരം**

സർ, താങ്കളെപ്പോലെ എന്റെ യോഗങ്ങളിൽ കടന്നുവന്ന് സൗഖ്യവും ആത്മരക്ഷയും പ്രാപിച്ചവർ അനേകം പേർ. യോഗങ്ങളിൽ സംബന്ധിക്കാതെ തന്നെ TV, Youtube എന്നീ മാധ്യമങ്ങളിലൂടെ കേട്ട് സൗഖ്യവും ആത്മരക്ഷയും ലഭിച്ചവരുടെ കത്തുകളും ധാരാളമായി വരുന്നു.

ഒന്ന് മനസ്സിലാക്കുക. **ശക്തി എന്റെ പ്രാർത്ഥനയിൽ അല്ല! എന്റെ പ്രസംഗത്തിലും അല്ല! ശക്തി എന്റെ പ്രാർത്ഥന കേൾക്കുന്ന ദൈവത്തിലാണ്!!**

അതുപോലെ ദൈവാത്മാവ് എന്നെ ശക്തിയായി ഉപയോഗിച്ചു എന്നും ഞാൻ പറയില്ല. **എന്നിൽ വസിക്കുന്ന ദൈവാത്മാണ് ക്രിയ ചെയ്യുന്നത്.** ഞാൻ വെറും ഉപകരണം മാത്രം!

സൗഖ്യമാക്കുന്നവൻ യേശു! **ഞാൻ അവിടുത്തെ ഉപകരണം അത്രമാത്രം.** ഉപകരണത്തിന് മാനമില്ല, മഹത്വമില്ല. ഉപകരണമായി ഉപയോഗിക്കുന്ന കർത്താവിന് എല്ലാ മാനവും മഹത്വവും ഉണ്ടാകണം. എന്റെ യോഗത്തിൽ കടന്നു വന്ന് സൗഖ്യം ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിച്ചു.

നിങ്ങൾക്ക് ലഭിച്ച സൗഖ്യം മറ്റുള്ളവർക്ക് സാക്ഷ്യമായി അറിയിക്കുക. അറിയിക്കുമ്പോൾ – കർത്താവ് സൗഖ്യമാക്കി – എന്ന് മാത്രം പറയുക! **ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും കൊടുക്കയില്ല** – Isaiah 48:11

❖❖❖❖❖❖❖❖❖❖❖

ചോദ്യം 3

ആമേൻ എന്ന് പറയുന്നത് ആശീർവാദമല്ലേ! അങ്ങനെയിരിക്കെ നിങ്ങളുടെ പ്രസംഗത്തിൽ ആമേൻ ആമേൻ എന്ന് പറയുന്നവരെ കളിയാക്കുന്നുണ്ടല്ലോ?

## ഉത്തരം

**ആമേൻ** എന്നാൽ **ആശീർവാദം** എന്ന് നിങ്ങൾക്ക് പറഞ്ഞ് തന്നതാര്? നിങ്ങൾ ഇത്ര അർത്ഥശൂന്യരായിത്തീർന്നല്ലോ? **ആമേൻ എന്നാൽ അങ്ങനെ തന്നെ ആകട്ടെ എന്നർത്ഥം.** എബ്രായർ ഒരു കാര്യം പറയുമ്പോൾ അത് ഉറപ്പിച്ചും തറപ്പിച്ചും പറയാനായി ആമേൻ ആമേൻ എന്ന് പറയും. അത് അവരുടെ ശീലം.

അർത്ഥം അറിയാതെ **ആമേൻ, ഹല്ലേലൂയ്യാ, യേശുവിൻ രക്തം** എന്നിങ്ങനെ ഇടവിടാതെ പറയുന്ന പാസ്റ്റർമാർ, സ്റ്റേജ് പ്രസംഗകർ, റ്റി.വി. പ്രസംഗകർ എന്നിവരുടെ എണ്ണം കൂടി വരുന്നു. എന്തു ചെയ്യാൻ – ഇവരെ വിശ്വസിക്കാനും, അനുഗമിക്കാനും വലിയ കൂട്ടമുണ്ട്.

(Chennai)AOG സഭയുടെ അഖിലലോക അദ്ധ്യക്ഷന്മാരിൽ ഒരാളായ പാസ്റ്റർ ഡി. മോഹൻ തന്റെ സഭയുടെ ആരാധനയെ റ്റി.വി. യിൽ റിലേ ചെയ്യാറുണ്ട്. ചിലപ്പോഴൊക്കെ അതു ഞാൻ ശ്രദ്ധിക്കും. ആ പരിപാടി കാണുമ്പോൾ ആ ജനങ്ങളെയോർത്ത് പരിതാപം തോന്നുന്നു. പാസ്റ്റർ അവർകൾ 30 മിനിറ്റ് പ്രസംഗത്തിനിടെ 3 മിനിറ്റിന് ഒരിക്കൽ എല്ലാവരും **ഹല്ലേലൂയ്യാ പറയാം** എന്ന് ഘോഷിക്കുന്നു. അടുത്ത 3–ാം മിനിറ്റിൽ രണ്ടു **കൈകളുമുയർത്തി** ദൈവത്തിന് നന്ദി പറയാം എന്ന് പറയുന്നു.

സഭാ ജനങ്ങളും, കുരങ്ങിനോട് ചാട് രാമാ എന്ന് പറയുമ്പോൾ കുട്ടിക്കരണം അടിക്കുകയും, പഴനിക്ക് കാവടി എട് രാമാ എന്ന് പറയുന്നവർ രണ്ട് കൈളുമുയർത്തി ജനങ്ങളെ ചുറ്റിചുറ്റി വരും. ഇതേ സ്ഥിതി തന്നെയാണ് ചെന്നൈയിലെ, ചിന്നമല, AG സഭയുടെ സ്ഥിതി. എത്ര തവണ കൈകളുയർത്തി സ്ത്രോത്രം ചെയ്യും? ഇങ്ങനെ 3 മിനിറ്റിനൊരിക്കൽ പാസ്റ്റർ പറഞ്ഞുകൊണ്ടേയിരിക്കുന്നതിനാൽ ജനങ്ങൾ മടുത്ത് പാസ്റ്റർ പറഞ്ഞാലും കൈ ഉയർത്താതിരിക്കുന്നതും കാണാം.

പ്രസംഗത്തിൽ അടുത്ത വാക്ക് തപ്പിത്തടഞ്ഞ് കണ്ടുപിടിക്കാനും, എഴുതിയ പ്രസംഗകുറിപ്പ് നോക്കാനുമാണ് പാസ്റ്റർ ഇങ്ങനെ ചെയ്യുന്നത്. ഇക്കാര്യത്തിൽ കർത്താവ് മഹത്വപ്പെടുമോ? പരിതാപം! വളരെ പരിതാപം!

ഈ സഭയിലെ വിശ്വാസികൾ വളരെ മടുത്ത് എന്നോട് ഇക്കാര്യങ്ങൾ പറഞ്ഞു. ഈ പറഞ്ഞ വ്യക്തിയോട് പിന്നെന്തിന് അവിടെ പോകുന്നു എന്ന് ചോദിച്ച

പ്പോൾ, **"ചിന്നമല AG സഭയ്ക്കു പോകുന്നു എന്ന് പറഞ്ഞാൽത്തന്നെ അതിൽ ഒരു വിലയുണ്ടല്ലോ"**എന്ന് പറഞ്ഞു. ഇങ്ങനെയുള്ള ദുരഭിമാനങ്ങൾ പെന്തക്കോസ്തു ക്കാർക്കു മാത്രമല്ല CSI യിലും മറ്റ് സഭാ വിഭാഗങ്ങളിലും ഉണ്ട്.

താമസിക്കുന്ന വീടിനരികിൽ ഇടക സഭയുണ്ട്. അവിടെ അംഗത്വമുണ്ട്, പക്ഷേ ആഴ്ചയോടാഴ്ച ബിഷപ്പ് പോകുന്ന പ്രമാണിമാരുള്ള, തറവാട് **മഹിമയുള്ള കത്തീഡ്രൽ സഭക്കു** പോകും. മാത്രമല്ല മക്കളുടെ വിവാഹവും അവിടെ വച്ചു തന്നെ നടത്തും എന്ന് ദുരഭിമാനം പൊങ്ങി പറയും.

ഈ വക ജനങ്ങളെയോർത്ത് വേദപുസ്തകം പറയുന്നു: ഇക്കൂട്ടർ " രഥങ്ങളെക്കുറിച്ചും, കുതിരകളെക്കുറിച്ചും മേന്മ പറയുന്നവർ"

❖❖❖❖❖❖❖❖❖❖

# വായനാക്കാരുടെ കത്ത്

ജാമാക്കാരൻ Proof നോക്കിയശേഷം പ്രസിദ്ധീകരിക്കും

ജൂൺ 2016ാം ലക്കത്തിൽക്കണ്ട തെറ്റുകൾ

| | തെറ്റ് | ശരി |
|---|---|---|
| 1. പേജ്. 3 – സംസ്ഥാനം | Provene | pripice |
| 2.പേജ് –12 വേദ വ്യാഖ്യാനങ്ങൾ | Comentonv | Commtarv |
| 3. പേജ് 17 തീ ജ്വാല | Flam | Flame |

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത്സ സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

# TRICHY- TANJORE CSI DIOCESE
# KUMBAKONAM CSI CHURCH CONVENTION







അനേക വർഷങ്ങൾക്കുശേഷം കുംബക്കോണം CSI സഭയിൽ പ്രസംഗിച്ചു. സഭാദ്ധ്യക്ഷൻ Rev.ചാർലി ബെൽ ശാന്തകുമാർ ഹാർദ്ദവമായി സ്വീകരിച്ചു. ദൈവ ദൂത് സഭയ്ക്കു നല്കി.

അതിനുശേഷം പ്രശസ്ത Dr. മഹാനി അദ്ദേഹത്തിന്റെ സ്മരണാർത്ഥം നടന്ന സ്തോത്ര യോഗത്തിലും ദൈവസന്ദേശം നല്കി. കുംബകോണത്തെ CSI, Lutheren Pentacoast ഇങ്ങനെ എല്ലാ വിഭാഗങ്ങളിലെ ജനങ്ങളും കൂട്ടമായി പങ്കെടുത്തു. ഓരോ ക്രിസ്ത്യാനിയും അറിഞ്ഞിരിക്കേണ്ട പാഠങ്ങൾ എന്ന തലക്കെട്ടിൽ സന്ദേശം നല്കിക്കൊണ്ടിരിക്കുമ്പോൾ വന്ന പെരുമഴയെ ദൈവം അത്ഭുതകരമായി തടഞ്ഞു നിർത്തി. ദൈവാത്മാവിന്റെ ചലനമുണ്ടായി. യോഗങ്ങൾ അനുഗ്രഹകാരണമായി. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

## കൂട്ടായ്മകൾ

ചില വായനക്കാർ കാവൽക്കാരൻ മാസികയ്ക്കായി കൂട്ടായ്മ അയച്ചു. മാസിക വന്നില്ല എന്ന് എഴുതുന്നു. MO ൽ കൂട്ടായ്മ അയക്കുമ്പോൾ എന്തിനുവേണ്ടി അയക്കുന്നു എന്നെഴുതാൻ കഴിയില്ല. ഞങ്ങൾക്കും അറിയാൻ നിവൃത്തിയില്ല. അതിനാൽ കൂട്ടായ്മ അയച്ച ഉടൻ നിങ്ങളുടെ മുഴുവൻ വിലാസവും ഫോൺ നമ്പരും വച്ച് കത്തെഴുതുക. പുതിയ വരിക്കാരനാണെങ്കിൽ പുതിയ വരിക്കാരൻ

**കത്തുകളെഴുതുമ്പോൾ പൂർണ്ണ വിലാസവും കമ്പ്യൂട്ടർ സീരിയൽ നമ്പരും എഴുതാൻ മറക്കരുതേ.**

(കാവൽക്കാരൻ മാസികയ്ക്ക് വരിസംഖ്യ ഇല്ല)

## ന്യായാധിപന്മാരും –വക്കീലുകളും

ചില മാസങ്ങളായി ഇന്ത്യയിലും പ്രത്യേകിച്ച് തമിഴ്നാട്ടിലും ന്യായാധിപ–വക്കീലന്മാരുടെ മദ്ധ്യത്തിൽ കലഹങ്ങളും, ജാഥകളും, ധർണ്ണകളുമാണ് ഇതിനിടയ്ക്ക്പുറത്തി പറയാനാകാത്ത വാക്കുകളെക്കൊണ്ട് സംസാരിക്കുന്നതും പത്രം, റ്റി.വി, എന്നിവയിലൂടെ അറിഞ്ഞപ്പോൾ ജനങ്ങൾക്കു വേദനയുണ്ടായി.

ലോകം മുഴുവനും പ്രത്യേകിച്ച് ഇന്ത്യയിലും നീതിക്കുള്ള അവസാന പ്രതീക്ഷ കോടതികളിലാണ്. എല്ലാ മതക്കാരും തങ്ങളുടെ നേതാക്കളിൽ നിന്ന് നീതിയും ന്യായവും ലഭിക്കാത്തതിനാൽ അവ ലഭിക്കുന്നതിന് കോടതികളിൽ പോകുന്നു. ഇങ്ങനെയുള്ള കോടതികളിൽ **ന്യായാധിപന്മാരും വക്കീലന്മാരും തുല്യസ്ഥാനീയരാണ്**. വക്കീലുകൾ ഇല്ലാത്ത കോടതികളും ന്യായാധിപന്മാർ ഇല്ലാത്ത കോടതികളും പ്രവർത്തനം നിലച്ച കോടതികളാകും.

ഇപ്പോഴുള്ള സാഹചര്യത്തിൽ, പോലീസിൽ നിന്ന് ന്യായം പ്രതീക്ഷിക്കനാവില്ല. കളക്ടർ മന്ത്രിമാർ, മുഖ്യമന്ത്രി ഗവർണർ, പ്രധാനമന്ത്രി, പ്രസിഡന്റ് തുടങ്ങിയവർക്ക് നല്കാൻ ഭരണപരമായ കാര്യങ്ങളിലെ പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിനും കഴിയാത്ത നീതിനിറഞ്ഞ വിധികളും കോടതികൾ നല്കുന്ന നിർദ്ദേശങ്ങളും എത്ര പ്രത്യാശ നിർഭരമാണ്, മഹത്തരമാണ്.

ഇന്ത്യയുടെ പ്രഥമ പുരുഷനായ പ്രസിഡന്റിനേക്കാൾ ഉയർന്ന അധികാരം **സുപ്രീം കോടതിയ്ക്കാണ്** സുപ്രീം കോടതിയുടെ കൈവഴികളാണ് ഹൈക്കോർട്ടുകളും കീഴ്ക്കോടതികളും. ഈ കോർട്ടുകളാണ് ഇപ്പോൾ സ്തംഭിച്ചിരിക്കുന്നത്.

**വക്കീലുകളും ന്യായാധിപന്മാരും** തമ്മിലുള്ള ഈ പ്രശ്നം ഈഗോയായി വളർന്ന് വലുതാകാതെ. സമാധാന അന്തരീക്ഷത്തിൽ പരിഹരിക്കപ്പെടാനും കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാനും യാതൊരു കുറ്റവും ചെയ്യാതെ അന്വേഷണ ത്തിനായി സെല്ലുകളിലും, ജയിലുകളിലും കഴിയുന്നവർ വേഗം വിടുവിക്കപ്പെടാനും ജാമക്കാരൻ വായനക്കാർ നിങ്ങളുടെ സ്വകാര്യ, കുടുംബ, സഭാ, മുഴുരാത്രി, ഉപവാസ പ്രാർത്ഥനകളിൽ ഓർക്കേണമേ!

**പ്രത്യേക ശ്രദ്ധയ്ക്ക്**

സമീപനാളുകളിലായി ജാമക്കാരൻ എന്ന പേരിൽ ഞാനറിയാതെ ചില വിഷയങ്ങൾ ചില വ്യക്തികൾ Whats App, Facebook post ചെയ്ത് വരുന്നതായി അറിഞ്ഞു. ആരും അത് വിശ്വസിക്കരുത്. എനിക്ക് Whats App, Facebook തുടങ്ങിയ സമൂഹ മാധ്യമങ്ങളിലൊന്നും തന്നെ A/C ഇല്ല. ജാമക്കാരൻ പേരിൽ ഇങ്ങനെയുള്ള മാധ്യമങ്ങളിൽ എന്ത് post കൾ വന്നാലും അക്കാര്യം അറിയിക്കണേ. മൊബൈൽ ഫോൺ പോലും സ്വന്തമായി ഉപയോഗിക്കാത്ത വ്യക്തിമാണ് ഞാൻ ഇക്കാര്യവും നിങ്ങൾ ശ്രദ്ധിക്കണേ!

# കൃപാസനം പാസ്റ്റർ സാധു ദാസയ്യ അവർകൾ കർത്താവിൽ നിദ്രപ്രാപിച്ചു.



കൃപാസനം സഭയുടെ സഹസ്ഥാപകനും, നല്ല വേദ ജ്ഞാനവുമുള്ള പാസ്റ്റർ സാധു. ദാസയ്യ അവർകൾ 15 ഏപ്രിൽ 2016 ൽ നിത്യതയിലേക്ക് ചേർക്കപ്പെട്ടു.

കൃപാസനം സഭയുടെ ആരംഭ സ്ഥാപകൻ കന്യാകുമാരി ജില്ല, കാഞ്ചിരക്കോട് **സാധു. യേശുദാസൻ** അവർകളാണ്. അധികം വിദ്യാഭ്യാസമില്ലെങ്കിലും ചെരുപ്പ് ഇല്ലാതെ തന്നെ മൈലുകൾ നടന്ന് വഴിയെങ്ങും യേശുവിനെ അറിയിച്ച് അതിലൂടെ സമ്പാദിച്ച ആത്മാക്കൾ ധാരാളമാണ്. സഭകൾ വർദ്ധിച്ചപ്പോൾ അവ നിർവ്വഹിക്കാൻ തന്റെ തന്നെ കൂടെ കൂട്ടിയ വ്യക്തിയാണ് സാധു.ദാസയ്യ അവർകൾ. പിന്നെ വളർച്ച വലുതായിരുന്നു. ധാരാളം സഭകളും, കെട്ടിടങ്ങളും കൺവെൻഷനുകളും, പ്രാർത്ഥനാ മണ്ഡപങ്ങളും ഉയർന്നു.

ആരംഭ നാളുകളിൽ സാധുയേശുദാസൻ അവർകളോട് എനിക്കു നല്ല അടുപ്പം ഉണ്ടായിരുന്നു. നല്ല ആത്മീയ അനുഭവം ഉള്ള വ്യക്തിയാതതുകൊണ്ട് സേലത്തിൽ വിളിച്ച് അനേക യോഗങ്ങൾ ക്രമീകരിച്ചു. ആ യോഗങ്ങളെ തുടർന്ന് സേലത്തിലെ, ഹസ്തംപട്ടിയിൽ കള്ളിക്കാട് എന്ന സ്ഥലത്ത് ഗവ:ബസ് ഡിപ്പോയ്ക്കരുകിൽ ഒരു ഓല ഷെഡ്ഡിൽ കൃപാസ്നാനം സഭ സ്ഥാപിച്ചു.

സേലം വരുമ്പോഴോക്കെ ഒരു ദിവസം എന്റെ വീട്ടിൽ തങ്ങുമായിരുന്നു. കന്യാകുമാരി ജില്ലയിലെ കാഞ്ചിരക്കോടിൽ ഓരോ വർഷവും ഒരാഴ്ച നീളുന്ന വലിയ യോഗങ്ങൾ ക്രമീകരിക്കും. ആരോടും സാമ്പത്തിക സഹായം കേൾക്കില്ല. പക്ഷേ കൺവെൻഷൻ നാളുകൾ മുഴുവൻ എല്ലാ നേരത്തും ആഹാരം ഉണ്ടായിരിക്കും. സി.എസ്. ഐ വിശ്വാസികൾ കൂടെ ആ യോഗങ്ങൾക്കായി പലവ്യംജ്ഞന സാധനങ്ങൾ നല്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ഒരു തവണ അവരുടെ കൺവെൻഷനിൽ എന്നെ പ്രസംഗിക്കാൻ ക്ഷണിച്ചു. ഞാൻ സി.എസ് ഐ ക്കാരൻ എന്നറിഞ്ഞിട്ടും ദൈവവേലക്കാർക്ക് പ്രത്യേക ദൂത് നല്കും എന്ന് പറഞ്ഞ് എന്നെ ക്ഷണിച്ചു. അങ്ങനെയിരിക്കെ സാധു. യേശുദാസന്റെ മരണശേഷം കൃപാസനം സഭകളുടെ ചുമതല സാധു ദാസയ്യയിൽ നിക്ഷിപ്തമായി. അദ്ദേഹവും എന്നെ രാമനാഥപുരം കൺവെൻഷനിൽ 4 ദിവസം പ്രസംഗിക്കാൻ ക്ഷണിച്ചു.

**പെന്തക്കോസ്ത് സഭാ പാസ്റ്റർമാരും,** സഭയുടെ സ്ഥാപകനും എന്നെയും എന്റെ ശുശ്രൂഷയെയും അറിഞ്ഞതുകൊണ്ട് ഇവർ തങ്ങളുടെ യോഗങ്ങളിൽ പ്രസംഗിക്കാൻ എന്നെ ക്ഷണിച്ചു. അന്തരിച്ച സാധു.ദാസയ്യ രോഗക്കിടക്കയിൽ ആയി എന്നറിഞ്ഞ പ്പോൾ പ്രാർത്ഥിക്കാൻ കടന്നു ചെന്നു. അവസാനം വരെ മരുന്നു എടുക്കാതെ ജീവിച്ചു ഞാനൊരു ഡോക്ടർ എന്ന നിലയിൽ അനുദിന ആഹാരത്തിലെ ചേരുവകൾ ചേർത്ത് മരുന്നാക്കി കഴിക്കുക എന്ന് നിർദ്ദേശിച്ചിട്ടും സ്നേഹാപൂർവ്വം നിരസിച്ചു, ഞാൻ ജീവനോടിരുന്ന് ശുശ്രൂഷ ചെയ്യുന്നത് ദൈവഹിതമായാൽ ദൈവം അന്നാൾ വളരെ ആയുസ്സ് നല്കും എന്നതായിരുന്നു മറുപടി. അല്ലെങ്കിൽ ദൈവം ചേർത്തു കൊള്ളും.

കർത്താവിനായി നല്ല ജീവിതം നയിച്ച് ശുശ്രൂഷ നിർവ്വഹിച്ച സാധു.ദാസയ്യയെ യോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

## വിദേശത്തുള്ള വായനക്കാർ ശ്രദ്ധിക്കുക

വിദേശത്തേക്ക് അയയ്ക്കുന്ന ജാമക്കാരൻ മാസികയുടെ സ്റ്റാമ്പ് വില അധികമായി. ഒരു ജാമക്കാരന് 51 രൂപ, 64 രൂപ എന്നിങ്ങനെ സ്റ്റാമ്പ് ഒട്ടിക്കേണ്ടി വരുന്നു. കമ്പ്യൂട്ടർ ഉള്ളവർ നിങ്ങളുടെ ജാമക്കാരനെ PDF ൽ സ്വീകരിച്ച് Download ചെയ്തോ Printout എടുത്തോ ഏവർക്കും വായിക്കാവുന്നതാണ്. മറ്റുള്ളവർക്ക് ആവശ്യമായി കോപ്പി എടുത്ത് നല്കിയാൽ കമ്പ്യൂട്ടർ ഇല്ലാത്തവരും വായിക്കാൻ സാധിക്കും. കമ്പ്യൂട്ടർ സൗകര്യമുള്ളവർ ജാമക്കാരൻ ഞങ്ങൾക്ക് Email വഴി **അയച്ചുതരിക എന്നെഴുതിയാൽ മതി. തുടർന്ന് Email വിലാസത്തിൽ നിങ്ങളെ ചേർത്ത് മാസിക അയച്ചുതരും.**

ഇതിലൂടെ ലക്ഷക്കണക്കിന് രൂപ ലാഭിക്കാനാവും നിങ്ങളുടെ വേണ്ടപ്പെട്ടവർക്ക് PDF ആയി ജാമക്കാരൻ വേണമെങ്കിൽ അവരുടെ Email ID അയച്ചു തരിക. ഇക്കാര്യത്തിൽ നിങ്ങളുടെ സഹകരണം വീണ്ടും ആവശ്യപ്പെടുന്നു. വിദേശത്ത് ജാമക്കാരൻ **വായനക്കാർ ഓരോ നാളും പെരുകുന്നു. സഹകരിക്കേണമേ.**

**JULY 2016**

# Printed Book/Book Post

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.